


റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ,
പട്ടം പാലസ് പി.ഒ, തിരുവനന്തപുരം– 695 004
ഫോൺ : 0471 2449939, E-mail : haritham@kerala.gov.in
www.haritham.kerala.gov.in
https://www.facebook.com/harithakeralamission/


കേരള സർക്കാർ

## ഹരിതകേരളം മിഷൻ

### കൃഷി ഉപമിഷൻ

# സുജലം സുഫലം-പ്രവർത്തന മാർഗ്ഗരേഖ





കേരള സർക്കാർ

## ഹരിതകേരളം മിഷൻ

## കൃഷി ഉപമിഷൻ-സുജലം സുഫലം

# പ്രവർത്തന മാർഗ്ഗരേഖ

ഹരിതകേരളം മിഷൻ

ഡിസംബർ 2018



**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

# സന്ദേശം

ഹരിതകേരളം മിഷന്റെ ഉപദൗത്യമായ 'സുജലം-സുഫല'ത്തിന്റെ മാർഗ്ഗരേഖ പുസ്തക രൂപത്തിൽ പുറത്തിറക്കുന്നത് ഈ പരിപാടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് സഹായകമാകുമെന്ന് കരുതുന്നു.

നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കാനും പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത നേടാനും ഹരിതകേരളം മിഷന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾക്ക് നല്ല ഫലമുണ്ടാകുന്നു എന്നത് സന്തോഷകരമാണ്. സർക്കാരിന്റെ ഈ ദിശയിലുള്ള പരിശ്രമങ്ങൾക്ക് ജനങ്ങളിൽ നിന്ന് നല്ല പിന്തുണ ലഭിക്കുന്നു എന്നത് ശ്രദ്ധേയമാണ്. ജൈവ കൃഷി പ്രോത്സാഹിപ്പിച്ച് സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കുക എന്നതും 'സുജലം-സുഫലം' ദൗത്യത്തിന്റെ ലക്ഷ്യമാണ്. രാസവളങ്ങളുടെയും രാസകീടനാശിനികളുടെയും ഉപയോഗം പരമാവധി ഒഴിവാക്കണമെന്ന ബോധം കൃഷിക്കാരിൽ വളർന്നുവരുന്നു എന്നത് ശുഭോതർക്കമാണ്. 'സുജലം-സുഫലം' ദൗത്യത്തിന്റെ ഭാഗമായുള്ളള പ്രവർത്തനങ്ങൾക്ക് വിജയം ആശംസിക്കുന്നു.

പിണറായി വിജയൻ



**വി.എസ്. സുനിൽ കുമാർ**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി**

# സന്ദേശം

1924 ലെ മഹാപ്രളയത്തിനു ശേഷം തൊണ്ണൂറ്റിനാല് വർഷങ്ങൾക്കിപ്പുറം മറ്റൊരു മഹാപ്രളയത്തെ അതിജീവിച്ചാണ് നാം പുതിയൊരു വർഷത്തിലേക്ക് പ്രവേശിക്കുന്നത്. പ്രളയത്തിൽ തകർന്നടിഞ്ഞ കേരളത്തിന്റെ കാർഷിക മേഖലയെ ഘട്ടംഘട്ടമായി പുനരുദ്ധരിച്ച് പഴയ പ്രതാപത്തിലേക്ക് തിരികെ കൊണ്ടുവരുന്നതിനുള്ള ഭഗീരഥപ്രയത്നത്തിലാണ് സംസ്ഥാന കൃഷി വകുപ്പ് ഏർപ്പെട്ടുകൊണ്ടിരിക്കുന്നത്. അതിജീവനത്തിന്റെ ഈ സന്ദർഭത്തിൽ ഹരിതകേരളം മിഷന്റെ ഉപമിഷനായ സുജലം-സുഫലം പ്രവർത്തന മാർഗ്ഗരേഖ യാഥാർത്ഥ്യമായതിൽ ഏറെ ചാരിതാർത്ഥ്യമുണ്ട്.

ഹരിതകേരളം മിഷന്റെ മർമ്മപ്രധാനമായ ഭാഗമാണ് സുജലം-സുഫലം പദ്ധതി. കൂടുതൽ ഉൽപ്പാദിപ്പിച്ച് കൂടുതൽ വരുമാനം നേടുക, ഓരോ വിളയ്ക്കും അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്തി അവിടെ പ്രത്യേക കാർഷിക മേഖലകൾക്ക് രൂപം നൽകി കർഷക കൂട്ടായ്മയുടെ പങ്കാളിത്തത്തോടെ ശാസ്ത്രീയമായ കൃഷി നടപ്പിലാക്കി പരമാവധി ഉൽപ്പാദനം കൈവരിക്കുക, കാർഷിക ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില കർഷകർക്ക് ലഭിക്കത്തക്ക വിധത്തിൽ വിപണി സംവിധാനം പരിഷ്ക്കരിക്കുക, സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുക, സീറോ ബജറ്റ് ഫാമിംഗ് പോലെയുള്ള ജൈവ കാർഷിക മുറകളിലൂടെ പരിസ്ഥിതി സൗഹൃദ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുക, രാസവളങ്ങളുടെ ഉപയോഗം പരമാവധി കുറച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുക, രാസകീടനാശിനികളുടെ ഉപയോഗം പൂർണമായും ഇല്ലാതാക്കി പകരം ജൈവമാർഗ്ഗങ്ങളിലൂടെയുള്ള കീട നിയന്ത്രണം പ്രോത്സാഹിപ്പിക്കുക, ലാഭകരമായ കൃഷിയിലൂടെയും മൂല്യവർദ്ധിത സംരംഭങ്ങളിലൂടെയും കാർഷിക മേഖലയിൽ പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, രാജ്യത്തെ സമ്പദ് വ്യവസ്ഥയിൽ കാർഷിക മേഖലയുടെ സംഭാവന ത്വരിതപ്പെടുത്തുക, കൃഷി ഭൂമികൾക്കും കാർഷിക പ്രവർത്തനങ്ങൾക്കും മെച്ചപ്പെട്ട ജലസേചന സൗകര്യം ഉറപ്പുവരുത്തുക, യന്ത്രവത്ക്കരണം എത്തിച്ചേരാത്തി

ടങ്ങളിൽ വ്യാപകമായി യന്ത്രവത്ക്കരണം നടപ്പാക്കി ഉൽപ്പാദനച്ചെലവ് ഗണ്യമായി കുറയ്ക്കുക, പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണവും ഗുണമേന്മയുള്ള വിത്തുകളുടെ ലഭ്യതയും ഉറപ്പുവരുത്തുക, പരിസ്ഥിതിയ്ക്ക് ഇണങ്ങുന്ന നല്ല കാർഷിക പരിചരണ മുറകൾ അവലംബിച്ച് കൃഷി നടത്തുക, മെച്ചപ്പെട്ട സംഭരണം ഉറപ്പുവരുത്തിയും മൂല്യാധിഷ്ഠിത സാധ്യതകൾ പരമാവധിപ്രയോജനപ്പെടുത്തിയും ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുക, ഉൽപ്പാദകരെയും വിപണിയെയും തമ്മിൽ ബന്ധിപ്പിക്കുന്ന വിപണന പോർട്ടൽ രൂപീകരിക്കുക, ഗാർഹിക മാലിന്യങ്ങളെ സംസ്കരിച്ച് വളമാക്കി മാറ്റി അവ ഉപയോഗിച്ച് കൃഷി സാധ്യമാക്കുക തുടങ്ങിയ കർമപരിപാടികളാണ് സുജലം സുഫലം പദ്ധതിക്ക് കീഴിൽ വിഭാവനം ചെയ്തിരിക്കുന്നത്.

ഹരിതകേരളം മിഷന്റെ ഉപമിഷനായ സുജലം-സുഫലം കർമ്മപദ്ധതി വഴി കേരളത്തിന്റെ കാർഷിക മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും സംസ്കരിച്ച കാർഷികോൽപ്പന്നങ്ങളുടെയും പുതുയുഗപ്പിറവിയ്ക്കും ഇതോടൊപ്പം നാന്ദി കുറിക്കുകയാണ്. സംസ്ഥാനത്ത് കാർഷിക മേഖലയിൽ മൂല്യവർദ്ധനയ്ക്കും വൈവിധ്യവത്ക്കരണത്തിനും അനന്തസാധ്യതകളാണുള്ളത്. കൃഷി അനുബന്ധ മേഖലകളിൽ ഉണ്ടാക്കിയെടുക്കുന്ന ഉൽപ്പന്നങ്ങളിൽ തൊണ്ണൂറു ശതമാനവും നേരിട്ട് ഭക്ഷ്യയോഗ്യമാക്കുന്ന രീതിയാണ് നിലവിലുള്ളത്. തന്നെയുമല്ല അവ ദീർഘകാലം കേടുകൂടാതെ സംരക്ഷിക്കുന്നതിന് ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്ക്കരണം അത്യന്താപേക്ഷിതവുമാണ്. ഈ പ്രക്രിയ നമ്മുടെ നാട്ടിൽ അത്രമേൽ പ്രചാരം നേടിയ ഒന്നല്ല, അഗ്രിബിസിനസ്സ് രംഗത്ത് യുവജനങ്ങളെ കൂടുതലായി ആകർഷിച്ച് അവർക്ക് മാന്യമായ തൊഴിലും മികച്ച വരുമാനവും ഉറപ്പാക്കുകയും അങ്ങനെ തൊഴിലില്ലായ്മയ്ക്കും ദാരിദ്ര്യത്തിനും വലിയൊരളവിൽ പരിഹാരം കാണുകയും വേണം. ഇത്തരത്തിൽ കാർഷികോൽപ്പന്നങ്ങളുടെ വൈവിധ്യ വത്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണി സാധ്യതയും തിരിച്ചറിഞ്ഞുകൊണ്ടാണ് സംസ്ഥാന കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സമഗ്രവും ദീർഘവീക്ഷണത്തോടെയുമുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചിട്ടുള്ളത്.

നവകേരളത്തിന്റെ നിർമ്മിതിയിൽ, ഹരിതകേരളം മിഷന്റെ ഭാഗമായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സുജലം - സുഫലം ഉപമിഷൻ കാർഷികകേരളത്തിന്റെ മുഖച്ഛായ മാറ്റിയെടുക്കുന്നതിന് ഉപകരിക്കും എന്ന കാര്യത്തിൽ സംശയമില്ല. നവ കാർഷിക കേരളം കെട്ടിപ്പടുക്കുന്നതിന് നമുക്ക് ഒത്തൊരുമിച്ച് പരിശ്രമിക്കാം. സുജലം -സുഫലം ഉപമിഷൻ മാർഗ്ഗരേഖ നമ്മുടെ യോജിച്ച പ്രവർത്തനങ്ങൾക്ക് കരുത്ത് പകരട്ടെയെന്ന് ആശംസിക്കുന്നു.

ആശംസകളോടെ

വി.എസ്. സുനിൽ കുമാർ



**ഡോ. ടി.എൻ. സീമ**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിതകേരളം മിഷൻ**

# സന്ദേശം

സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദനം ഭക്ഷ്യ സ്വയംപര്യാപ്തത പോലെ തന്നെ സുപ്രധാനമാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഹരിതകേരളം മിഷന്റെ കൃഷി ഉപമിഷൻ 'സുജലം സുഫലം' ജൈവകൃഷി രീതിക്ക് പ്രാമുഖ്യം നല്കിയുള്ള കൃഷി വികസനം എന്ന ആശയം മുന്നോട്ടു വയ്ക്കുന്നത്. കൂടുതൽ ഇടങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിച്ചും, അനുയോജ്യമായ സ്ഥലങ്ങളിൽ കൂടുതൽ തവണ കൃഷിയിറക്കിയും, തരിശുനിലങ്ങളെ കൃഷിയോഗ്യമാക്കിയും, ഗാർഹിക-സ്ഥാപനതല കൃഷി പ്രോത്സാഹിപ്പിച്ചും കാർഷിക മേഖലയെ കൂടുതൽ ജീവസ്സുറ്റതാക്കാൻ നമുക്ക് കഴിയണം. തരിശുനിലങ്ങൾ ഉൾപ്പെടെ കേരളത്തിലെ മൊത്തം കൃഷി ഭൂമിയിലും ശാസ്ത്രീയമായി കൃഷി ചെയ്താൽ ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കാതെ നമ്മുടെ സംസ്ഥാനത്തു തന്നെ സുരക്ഷിത ഭക്ഷ്യോൽപ്പാദനം സാധ്യമാകും. മണ്ണിനെയും ജലത്തെയും ജൈവസമ്പത്തിനെയും സംരക്ഷിച്ചുകൊണ്ട് പരിസ്ഥിതിക്കും ആവാസ വ്യവസ്ഥയ്ക്കും കോട്ടം തട്ടാതെ തന്നെ കാർഷിക കേരളം പുഷ്ടിപ്പെടണം. സംസ്ഥാനത്ത് ഇപ്പോൾ നടന്നുവരുന്ന ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും ജലസംരക്ഷണ പ്രവർത്തനങ്ങളും കാർഷിക മേഖലയ്ക്ക് ഗുണകരമായ ഘടകങ്ങളായി മാറുന്നുണ്ടെന്ന കാര്യം ശ്രദ്ധേയമാണ്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കാർഷിക വികസന, കർഷകക്ഷേമ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ജനകീയ കൂട്ടായ്മകളുടെയും ഏകോപനത്തോടെയുള്ള പ്രവർത്തനങ്ങൾ ഈ രംഗത്ത് നടന്നു വരുന്നുണ്ട്. ചിട്ടയായ ആസൂത്രണവും സൂക്ഷ്മമായ നിർവ്വഹണവും ഉറപ്പാക്കി കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ ഈ മാർഗ്ഗരേഖ സഹായകരമാകുമെന്ന് പ്രത്യാശിക്കുന്നു



ഡോ. ടി.എൻ. സീമ

കേരള സർക്കാർ

സംഗ്രഹം

കൃഷി (ഡബ്ല്യൂ.റ്റി.ഒ -സെൽ) വകുപ്പ്- നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായുള്ള വികസന മിഷനുകൾ - ഹരിതകേരളം മിഷന്റെ ഭാഗമായ സുജലം സുഫലം ഉപമിഷൻ-കൃഷി വകുപ്പിന്റെ പ്രവർത്തന മാർഗ്ഗരേഖ – അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഡബ്ല്യൂ. റ്റി. ഒ. സെൽ ) വകുപ്പ്**

**സ.ഉ(കൈ)നം.136/2018/കൃഷി തിരുവനന്തപുരം,തീയതി.20.11.2018**

പരാമർശം (1) സർക്കാർ ഉത്തരവ് (പി).നം.41/2016/ആ.സാ.വ തീയതി 28.09.2016

(2) സർക്കാർ ഉത്തരവ് (എം.എസ്) നം.151/16/കൃഷി തീയതി 8-11-2016

(3) സർക്കാർ ഉത്തരവ് (പി) നം.10/2017/ആ.സാ.വ തീയതി 19-04-2017

(4) കൃഷി വകുപ്പ് ഡയറക്ടറുടെ 15-3-2018 ലെ റ്റി.പി.(4)/42899/16 നമ്പർ കത്ത്

**ഉത്തരവ്**

കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി സർവ്വതലസ്പർശിയായ വികസന പ്രവർത്തനങ്ങളിലൂടെ നവകേരളം കർമ്മ പദ്ധതി സർക്കാർ നടപ്പിലാക്കി വരികയാണ്. ലക്ഷ്യങ്ങൾ വ്യക്തമായി മുൻകൂട്ടി നിർണ്ണയിക്കൽ,ചിട്ടയായ ആസൂത്രണം, സൂക്ഷ്മതയോടെയുള്ള നിർവ്വഹണം ഉദ്ദേശിക്കുന്ന ഗുണ ഫലങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കാൻ ശ്രദ്ധാപൂർവ്വമായ നിരീക്ഷണം എന്നിവയാണ് നവകേരളം പദ്ധതിയുടെ സവിശേഷതകൾ. ആറ് മുൻഗണനാ മേഖലകളെ കോർത്തിണക്കിയുള്ള നാല് വികസന മിഷനുകളാണ് നവകേരളം കർമ്മ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

കേരളത്തിന്റെ സവിശേഷതകളായി പ്രകീർത്തിക്കപ്പെട്ടിരുന്ന വൃത്തിയും ജല സമൃദ്ധിയും വീണ്ടെടുക്കുക, സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ ഉൽപാദനം വർദ്ധിപ്പിക്കുക എന്നിവ ഹരിതകേരളം മിഷന്റെ മുഖ്യ ലക്ഷ്യങ്ങളാണ്.

ജൈവ കൃഷി രീതിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനമാണ് ഹരിതകേരളം മിഷന്റെ സുജലം സുഫലം ഉപദൗത്യത്തിലൂടെ ലക്ഷ്യമിടുന്നത്. സുജലം സുഫലം പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശം (2) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് വിപുലീകരിച്ച് പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും, ഉത്തരവാദിത്തത്തോടെയുള്ള സുതാര്യവും, ഫലപ്രദവുമായ ഭരണ നിർവ്വഹണം

സാധ്യമാക്കുന്നതിനും ഉതകുന്ന മാർഗ്ഗരേഖ ആവശ്യമാണെന്ന് കൃഷി വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം ശുപാർശ ചെയ്തതിനെ തുടർന്ന് സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സുജലം സുഫലം ഉപദൗത്യത്തിന്റെ കാര്യക്ഷമവും,സുതാര്യവുമായ നടത്തിപ്പിന് പുതുക്കിയ മാർഗ്ഗരേഖ ആവശ്യമായതിനാൽ പരാമർശം (2) ലെ മാർഗ്ഗരേഖയ്ക്ക് പകരമായി ഈ ഉത്തരവിന്റെ അനുബന്ധമായി നൽകിയിട്ടുള്ള മാർഗ്ഗരേഖ സുജലം സുഫലം ഉപദൗത്യം നിർവ്വഹണത്തിനുള്ള കൃഷി വകുപ്പിന്റെ മാർഗ്ഗ രേഖയായി അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം )

ദേവേന്ദ്രകുമാർ സിൻഹ

പ്രിൻസിപ്പൽ സെക്രട്ടറി & എ.പി.സി

1. സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
2. പ്രിൻസിപ്പൽ സെക്രട്ടറി ധനകാര്യവകുപ്പ്
3. സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
4. ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
5. ഡയറക്ടർ, മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ്
6. വൈസ് ചെയർപേഴ്സൺ, ഹരിത കേരളം മിഷൻ
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ/ഓഡിറ്റ്) കേരളം
8. എല്ലാ ജില്ലാ കലക്ടർമാർക്കും
9. കൃഷി വകുപ്പിന് കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും (കൃഷി ഡയറക്ടർ മുഖേന)
10. എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും (കൃഷി ഡയറക്ടർ മുഖേന)
11. ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
12. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

ഷാജൻ.എ

ഡെപ്യൂട്ടി സെക്രട്ടറി

# ഉള്ളടക്കം


1. ആമുഖം................................................................11
2. ലക്ഷ്യങ്ങൾ.........................................................12
3. പ്രവർത്തനങ്ങൾ...............................................13
4. പ്രവർത്തന സമീപനങ്ങൾ.............................14
5. പ്രവർത്തനരീതി................................................18
6. പദ്ധതി സംയോജനം........................................19
   ജൈവ കൃഷി.......................................................21
7. പരിശീലനം..........................................................23
8. കാർഷിക വിപണന സംവിധാനം.................24
9. പദ്ധതി നിർവ്വഹണം........................................25
10. മോണിട്ടറിംഗ്...................................................26
11. അനുബന്ധങ്ങൾ.................................................27

# 1
# ആമുഖം

കേരളത്തിൽ ഒരു പുതിയ വികസനോന്മുഖ കാഴ്ചപ്പാടാണ് നവകേരളം കർമ്മ പദ്ധതിയിലൂടെ സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. ഇതിൽ നാല് മുൻഗണനാ മേഖലകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വികസന മിഷനുകൾ / ദൗത്യങ്ങൾക്കാണ് തുടക്കം കുറിച്ചിരിക്കുന്നത്. സമ്പൂർണ്ണ പാർപ്പിടത്തിനായുള്ള ലൈഫ് മിഷൻ, ജന സൗഹൃദ സർക്കാർ ആശുപത്രികൾ ലക്ഷ്യമിട്ടുകൊണ്ടുള്ള ആർദ്രം മിഷൻ, പൊതു വിദ്യാഭ്യാസ സംരക്ഷണ യഞ്ജം, ശുചിത്വ മാലിന്യ സംസ്കരണം, ജല സംരക്ഷണം (ജലസമൃദ്ധി), ജൈവ കൃഷി രീതിയ്ക്ക് പ്രാമുഖ്യം കൊടുത്തു കൊണ്ടുള്ള കൃഷി വികസനം - സുജലം സുഫലം എന്നീ ഉപദൗത്യങ്ങളുൾപ്പെടുന്ന ഹരിതകേരളം മിഷൻ എന്നിവയാണിവ.

ഹരിതകേരളം മിഷനിലെ മൂന്നാമത്തെ ഉപദൗത്യമായ ജൈവകൃഷിയ്ക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനം 'സുജലം സുഫലം' എന്ന പേരിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലൂടെയാണ് നടപ്പിലാക്കുന്നത്. ആയതിന് സ.ഉ. (എം.എസ്.) നം.151/16/കൃഷി തീയതി 08.11.2016 പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുടെ ഉദ്ഘാടന ദിവസമായ 08.12.2016 മുതൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മുഖേന നെൽകൃഷി, പച്ചക്കറി കൃഷി, ജൈവകൃഷി, മാലിന്യ സംസ്കരണം എന്നീ മേഖലകളിൽ വിവിധ പരിപാടികൾ ഹരിത കേരളത്തിന്റെ ഭാഗമായി നടത്തി വരികയാണ്. നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി പുറത്തിറക്കിയ 19.04.2017 ലെ സ.ഉ.(പി) നം.10/2017/ ആ.സാ.വ. പ്രകാരം സുജലം സുഫലം ഉപദൗത്യത്തിന്റെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

# 2
# ലക്ഷ്യങ്ങൾ

1. നെൽക്കൃഷിയുടെ വിസ്തൃതി നിലവിലുള്ള 2 ലക്ഷം ഹെക്ടറിൽ നിന്ന് 3 ലക്ഷം ഹെക്ടറായെങ്കിലും വർദ്ധിപ്പിക്കുക.
2. പച്ചക്കറിയിലും മറ്റ് അടിസ്ഥാന കൃഷി ഉല്പന്നങ്ങളിലും പ്രത്യേകിച്ച് നെല്ല്, പഴവർഗ്ഗങ്ങൾ) സ്വയം പര്യാപ്തത നേടാനുതകുന്ന വിധത്തിൽ ശക്തമായ ഇടപെടലുകൾ നടത്തുക
3. ഗാർഹിക, സ്ഥാപനതലങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന കമ്പോസ്റ്റ് ഉപയോഗിച്ച് രാസവളങ്ങളുടേയും കീടനാശിനികളുടെയും ഉപയോഗം പരമാവധി കുറച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പു വരുത്തി ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ (സേഫ് ടു ഈറ്റ്) ഉത്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക,
4. വീടുകളിൽ കൃഷി വ്യാപിപ്പിക്കുകയും തരിശ് കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്കു വേണ്ടി ഉപയോഗപ്പെടുത്തുകയും പ്രാദേശികമായി ലഭ്യമാകുന്ന പൊതുസ്ഥലങ്ങളിൽ വ്യാപകമായി പച്ചക്കറി, ഇതര കൃഷികൾ നടപ്പിലാക്കുകയും ചെയ്ത് ഉത്പാദനം പരമാവധി വർദ്ധിപ്പിക്കുക.
5. ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില കർഷകർക്ക് ലഭിക്കത്തക്ക രീതിയിൽ വിപണി സംവിധാനം പരിഷ്കരിക്കുക.
6. ലാഭകരമായ കൃഷിയിലൂടെയും മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന സംരംഭങ്ങളിലൂടെയും കാർഷിക മേഖലയിൽ പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
7. സമ്പദ് വ്യവസ്ഥയിൽ കാർഷിക മേഖലയുടെ സംഭാവന ത്വരിതപ്പെടുത്തുക.
8. ജലസ്രോതസ്സുകൾക്ക് ചുറ്റും മരം വളർത്തുന്നതുൾപ്പെടെ കാർഷിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക

# 3

# പ്രവർത്തനങ്ങൾ

1. കൃഷിയെ മാത്രം ആശ്രയിച്ചുള്ള ഉപജീവന മാർഗ്ഗം സ്വീകരിക്കുന്ന കർഷകർക്ക് തങ്ങളുടെ പുരയിടങ്ങളിൽ നിന്നും പരമാവധി വരുമാനം ഉറപ്പാക്കി സാമ്പത്തിക ഭദ്രത നേടിക്കൊടുക്കാൻ ശ്രമിക്കുന്നതാണ്. ഇതിനായി കൃഷി, മൃഗസംരക്ഷണം, കോഴി വളർത്തൽ, മത്സ്യ കൃഷി, തേനീച്ച കൃഷി തുടങ്ങിയ കാർഷിക അനുബന്ധ മേഖലകളെ പരസ്പര പൂരകങ്ങളായി ഏകോപിപ്പിച്ച് കൊണ്ട് സംയോജിത കൃഷി രീതി അവലംബിക്കുന്നതാണ്.
2. യന്ത്രവല്ക്കരണം എത്തിച്ചേരാത്ത മേഖലകളിൽ വ്യാപകമായി യന്ത്രവൽക്കരണം പ്രാവർത്തികമാക്കി ഉല്പാദനച്ചെലവ് കുറയ്ക്കുന്നതാണ്.
3. സ്വയംസഹായ സംഘങ്ങളുടേയും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളുടെയും നേതൃത്വത്തിൽ തരിശു കിടക്കുന്ന കൃഷിയിടങ്ങൾ ഏറ്റെടുത്ത് കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതാണ്.
4. വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും പദ്ധതികൾ ഫലപ്രദമായി സംയോജിപ്പിച്ച് ലക്ഷ്യങ്ങൾ കൈവരിക്കുക എന്ന സമീപനമായിരിക്കും സ്വീകരിക്കുക.
5. കാർഷിക കർമ്മസേനയുടെ പ്രവർത്തനങ്ങൾ എല്ലാ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലും ശക്തിപ്പെടുത്തുക.
6. സഹകരണ മേഖലയുമായി ബന്ധപ്പെടുത്തി ജൈവകൃഷിക്കുൾപ്പെടെ വായ്പാ സേവനങ്ങൾ മെച്ചപ്പെടുത്തുക. ഉല്പന്ന വിപണന സൗകര്യങ്ങൾ സംഘടിപ്പിക്കുക
7. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങളുടെ ഭക്ഷ്യയോഗ്യത മെച്ച പ്പെടുത്തുകയും അവ പ്രചരിപ്പിക്കുകയും ചെയ്യുക. ഇതിനായി ജൈവകൃഷി പ്രോത്സാഹിപ്പിക്കുക.

# 4
# പ്രവർത്തന സമീപനങ്ങൾ

## 4.1 നീർത്തടാധിഷ്ഠിത വികസനം (Watershed Based Development Approach)

എല്ലാ വികസന പ്രവർത്തനങ്ങളും പ്രത്യേകിച്ച് കൃഷി, കൃഷി-അനുബന്ധ പ്രവർത്തനങ്ങൾ നീർത്തടങ്ങളുടെ അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കുക എന്നതാണ് സമീപനം. പരിസ്ഥിതിപരമായ സവിശേഷതകൾ പരിഗണിച്ചു കൊണ്ടും പ്രാഥമിക വികസന മേഖലകളെ ഒരുമിപ്പിച്ചു കൊണ്ടുമുള്ള ഒരു സമഗ്ര വികസന സമീപനമാണ് നീർത്തടാധിഷ്ഠിത വികസനം. ഇത് കൃഷി, മണ്ണ് സംരക്ഷണം, ജല സംരക്ഷണം, ജലസേചനം, മൃഗ സംരക്ഷണം, മത്സ്യബന്ധനം, തുടങ്ങിയ പലവിധ വികസന പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് നടപ്പാക്കേണ്ട ഒരു സമഗ്ര പദ്ധതിയാണ്.

## 4.2. താഴെത്തട്ടിൽ നിന്ന് മുകളിലേക്കുള്ള പങ്കാളിത്ത ആസൂത്രണവും നിർവ്വഹണവും (Bottom up participatory planning & implementation approach)

ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതിക്കും ജനകീയ ആവശ്യങ്ങൾക്കും അനുസൃതമായി താഴെത്തട്ടിൽ നിന്ന് ജനപങ്കാളിത്തത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക എന്നതാണ് പ്രവർത്തന സമീപനം.

മണ്ണിനെയും ജലത്തെയും ജൈവ സമ്പത്തിനെയും സംരക്ഷിച്ചു കൊണ്ട് പരിസ്ഥിതിക്കും ആവാസ വ്യവസ്ഥയ്ക്കും ആഘാതം എൽക്കാതെ നിലനിർത്തേണ്ടത് നമ്മുടെ കടമയാണ്. ഈ കടമ നിറവേറ്റുന്നതിൽ കൃഷി, കൃഷി അനുബന്ധ മേഖലകളിലെ ഇടപെടലിന് ഏറെ പ്രാധാന്യമുണ്ട്. ഈ പ്രാധാന്യം തിരിച്ചറിഞ്ഞു കൊണ്ട് നിലവിൽ അനുവർത്തിച്ചു വരുന്ന ഇടപെടലുകളിൽ നിന്ന് വ്യത്യസ്തമായി ഏറെ സമഗ്രതയോടെയും സംയോജിതമായും കാർഷിക രംഗത്തും കാർഷിക അനുബന്ധ മേഖലകളിലും കൃഷി വകുപ്പിന്റെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സംയുക്ത നേതൃത്വത്തിൽ ഇടപെടൽ നടത്തുന്നതിനുള്ള ഒരു പ്രത്യേക ഉപദൗത്യത്തിന് സർക്കാർ രൂപം നൽകിയിരിക്കുന്നു. ഹരിതകേരളം മിഷന്റെ ഭാഗമായി നടത്തുന്ന പ്രസ്തുത ഉപ

ദൗത്യം 'സുജലം സുഫലം' എന്ന പേരിലാണ് നടപ്പാക്കുന്നത്. മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കും, ജൈവ കൃഷി രീതികൾക്കും, ഉത്തമ കാർഷിക വിളകൾക്കും പ്രാമുഖ്യം കൊടുത്തു കൊണ്ടുള്ള കൃഷി വികസനവും 'സുജലം സുഫലം' കാർഷിക വ്യാപന പദ്ധതിക്കു കളമൊരുക്കുന്നു.

### 4.3. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള കൃഷി വികസനം (Cluster Based Development approach)

കൃഷി വികസനപദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ക്ലസ്റ്റർ അടിസ്ഥാനത്തിലാണ്. കേരളത്തിലെ കൃഷിക്കാരിൽ ഏറിയ പങ്കും തുണ്ടു ഭൂമി കൈവശമുള്ള ചെറുകിട നാമമാത്ര കർഷകർ ആയതിനാൽ ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള കൃഷി അനുയോജ്യമായിരിക്കും. നെൽകൃഷി മേഖലയിൽ നടപ്പാക്കുന്ന ഗ്രൂപ്പ് ഫാമിങ്ങും പച്ചക്കറി മേഖലയിലെ പ്രവർത്തനങ്ങളും ക്ലസ്റ്റർ അടിസ്ഥാനത്തിലാണ്.

### 4.4. ജൈവ കൃഷി രീതിയും ഉത്തമ കാർഷിക മുറകളും അവലംബിക്കൽ (Organic Farming and Good Agricultural Practice approach)

ജൈവ കൃഷി രീതിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനമാണ് ലക്ഷ്യമിടുന്നത്. ജൈവ കൃഷി രീതിയിൽ പരിസ്ഥിതി മലിനീകരണം ഉണ്ടാക്കില്ലെന്ന് മാത്രമല്ല ശുദ്ധമായ ഭക്ഷ്യ വസ്തുക്കൾ ഉത്പാദിപ്പിക്കുകുയും ചെയ്യും. സുരക്ഷിതത്വത്തിനും നമ്മുടെ നിലനിൽപ്പിനും ജൈവ കൃഷി രീതികൾ അത്യന്താപേക്ഷിതമാണ്.

### 4.5. സമ്മിശ്ര കൃഷി / സംയോജിത കൃഷിക്ക് പ്രോത്സാഹനം (Mixed farming/ Integrated farming promotion approach)

സുസ്ഥിര കൃഷി വികസനത്തിന്റെ ഭാഗമായി ഒറ്റവിള കൃഷി സമ്പ്രദായത്തിൽ നിന്നും സമ്മിശ്ര/സംയോജിത കൃഷി രീതിയിലേക്ക് മാറേണ്ടതാണ്. ഒന്നിലധികം വിളകൾക്കൊപ്പം മൃഗപരിപാലനം, കോഴിവളർത്തൽ, മത്സ്യകൃഷി, തേനീച്ചവളർത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയാണെങ്കിൽ കർഷകരുടെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുവാൻ കഴിയും.

### 4.6. പ്രകൃതി വിഭവങ്ങളുടെ സുസ്ഥിര പരിപാലനവും ഖരമാലിന്യ സംസ്കരണവും (Natural Resources Management & Waste Management)

ഓരോ സ്ഥലത്തും ലഭ്യമായ അടിസ്ഥാന വിഭവ സ്രോതസ്സുകളായ ഭൂമി, ജലം, സൗരോർജ്ജം - മനുഷ്യശക്തി എന്നിവയെ പരമാവധി പ്രയോജനപ്പെടുത്തി സാമ്പത്തികമായി പ്രയോജനമുള്ളതും, സമൂഹികമായി അംഗീകരിക്കപ്പെടുന്നതും, പ്രകൃതിക്കിണങ്ങുന്നതുമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. പ്രാദേശിക വിഭവങ്ങൾ പാഴാക്കാതെ പരമാവധി പ്രയോജനപ്പെടുത്തി കാർഷിക മേഖലയെ സചേതനമാക്കുന്നതിന് ശ്രമിക്കണം. ചരിവുള്ള പ്രദേശങ്ങളിൽ മണ്ണ് ജലസംരക്ഷണത്തിനും വെള്ളക്കെട്ടുള്ള താഴ്ന്ന പ്രദേശങ്ങളിൽ ജലനിർഗ്ഗമനത്തിനും, മഴ കുറഞ്ഞ പ്രദേശങ്ങളിൽ ജല ആഗിരണത്തിനുള്ള ശക്തി വർദ്ധിപ്പിക്കുന്നതിനും, ഊന്നൽ നൽകുന്ന പൊതു മാനദണ്ഡങ്ങൾ സ്വീകരിക്കപ്പെടണം.

ലഭ്യമായ പ്രകൃതി വിഭവങ്ങൾ പ്രയോജനപ്പെടുത്തി ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കണം. ഇതിനായി താഴെ കൊടുത്തിട്ടുള്ള വിവിധ സാധ്യതകൾ നടപ്പിലാക്കാവുന്നതാണ്.

- മൂപ്പു കുറഞ്ഞ വിളകളും വാർഷിക വിളകളും കൃഷി ചെയ്യുന്ന സ്ഥലങ്ങൾ തരിശിടാതിരിക്കുക.
- ദീർഘകാല വിളകൾ കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ ഇടവിളകൾ കൃഷി ചെയ്ത് ഉൽപ്പാദനം വർദ്ധിപ്പിക്കുക. അതോടൊപ്പം സൗരോർജ്ജം, മണ്ണിലെ ജലാംശം, മൂലകങ്ങൾ എന്നിവ പരമാവധി പ്രയോജനപ്പെടുത്തുന്ന രീതിയിലുള്ള ബഹുനില കൃഷി സമ്പ്രദായം നടപ്പിൽ വരുത്തുക.
- കാർഷിക മേഖലയിലെ  വിവിധ ഘടകങ്ങളായ വിളപരിപാലനം മൃഗപരിപാലനം, മത്സ്യകൃഷി എന്നിവ പ്രത്യേകം പ്രത്യേകമായി നടത്തുന്നതിന് പകരം അവയെല്ലാം യോജിപ്പിച്ചുകൊണ്ട് ഉത്പാദനവും ആദായവും വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുക.
- വിളപരിപാലനം, മൃഗപരിപാലനം തുടങ്ങിയ പ്രവർത്തനങ്ങളിൽ നിന്നും ലഭിക്കുന്ന എല്ലാ ഉല്പന്നങ്ങളും ഉപഉത്പന്നങ്ങളും ഉചിതമായ രീതിയിൽ പ്രയോജനപ്പെടുത്തി കർഷകന്റെ വരുമാനം വർദ്ധിപ്പിക്കണം.
- ഓരോ വീട്ടുവളപ്പിലും പുരയിടങ്ങളിലും ഉണ്ടാകുന്ന ജൈവമാലിന്യങ്ങൾ ഉറവിട ത്തിൽ തന്നെ സംസ്കരിച്ച് ജൈവവളവും ബയോഗ്യാസ് പോലുള്ള മറ്റ് ഉൽപ്പന്ന ങ്ങൾ ആക്കി മാറ്റി അവ ഉത്പാദന പ്രക്രിയകൾക്ക്  പ്രയോജനപ്പെടുത്തുക. ഉചിതമായ മാലിന്യ പരിപാലനം നടത്തി ശുചിത്വം ഉറപ്പാക്കേണ്ടതുണ്ട്.  മാലിന്യങ്ങൾ സൃഷ്ടിക്കുന്നത് പരമാവധി കുറയ്ക്കുക, മാലിന്യങ്ങളുടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുക, മാലിന്യങ്ങളുടെ പുനചംക്രമണം സാധ്യമാക്കുക എന്നിവയിലൂടെ മാലിന്യ പരിപാലനം നടത്താവുന്നതാണ്.

## 4.7 കർഷക സഭകളും ഞാറ്റുവേല ചന്തകളും

2018 മുതൽ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന വാർഡ്തല കർഷക സഭകൾ കൃഷിഭവന്റെയും കൃഷിവകുപ്പിന്റെയും സേവനം ഏറ്റവും താഴെ തട്ടിൽ എത്തിക്കുക എന്നുള്ളതാണ്. വിവിധ കാർഷിക പദ്ധതികളും കാർഷിക പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുന്നതിനും കർഷക സഭകൾ അനുയോജ്യമാണ്. ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ കർഷകരിലേക്ക് എത്തിക്കുന്നതിനും കർഷകർ പരമ്പരാഗതമായി സംരക്ഷിക്കുകയും കൈമാറുകയും ചെയ്തിരുന്ന ഇനങ്ങളുടെ വിൽപ്പനയും കൈമാറ്റവും കർഷക സഭകളോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന ഞാറ്റുവേല ചന്തകൾ വഴിയൊരുക്കുന്നുണ്ട്. ഇതോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മറ്റു വകുപ്പുകളും നടപ്പിലാക്കുന്ന പദ്ധതികൾ കർഷകരിലേക്ക് എത്തിക്കുന്നതിനും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാം. ഹരിതകേരളം പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും കർഷക സഭകൾ നിർണ്ണായക പങ്ക് വഹിക്കേണ്ടതാണ്.

## 4.8. വിവിധ വകുപ്പുകളുടെ സംയോജിച്ച പ്രവർത്തനം

(Inter Department Co-ordination)

കൃഷി, മണ്ണ് സംരക്ഷണം, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യ ബന്ധനം ജല സേചനം, വനസംരക്ഷണം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ പ്രാദേശിക തലത്തിൽ ഏകോപിപ്പിച്ചുകൊണ്ട് കാർഷിക പ്രവർത്തനങ്ങൾക്ക് വേണ്ട പിന്തുണയും സഹായവും ഉറപ്പാക്കുക. കർഷക സഭകൾ മുഖേന പദ്ധതികളുടെ രൂപീകരണവും നിർവ്വഹണവും സാധ്യമാക്കാവുന്നതാണ്.

## 4.9. ദുർബല വിഭാഗങ്ങൾക്കും വനിതകൾക്കും പ്രത്യേക പരിഗണന

സുജലം സുഫലം ഉപഭോക്തൃ നിർവ്വഹണത്തിൽ സമൂഹത്തിലെ ദുർബല വിഭാഗക്കാർക്കും വനിതകൾക്കും പ്രത്യേക പരിഗണനയും പ്രോത്സാഹനവും ലഭ്യമാക്കണമെന്ന് ഉറപ്പാക്കേണ്ടതാണ്.

## 5

# പ്രവർത്തന രീതി

കാർഷിക വികസന കർഷകക്ഷേമ വകുപ്പിലൂടെ നടപ്പിലാക്കുന്ന ചുവടെ ചേർക്കുന്ന പദ്ധതി ഘടകങ്ങളാണ് സുജലം സുഫലം ഉപദൗത്യത്തിലുൾപ്പെടുത്തിയിരിക്കുന്നത്.

1. **നെൽകൃഷി വികസനം** – സുസ്ഥിര നെൽകൃഷി വികസനം, തരിശ് നിലകൃഷി, കര നെൽകൃഷി, ഒരുപ്പൂ – ഇരുപ്പൂവിലേയ്ക്ക് മാറ്റൽ, പ്രത്യേക നെല്ലിനങ്ങളുടെ കൃഷി.
2. **പച്ചക്കറി കൃഷി** – പുരയിട കൃഷി, ക്ലസ്റ്ററടിസ്ഥാനത്തിലുള്ള കൃഷി, സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷി, നഗര പ്രദേശങ്ങളിലെ പച്ചക്കറി കൃഷി.
3. **ജൈവ കൃഷിയും സുരക്ഷിത ഭക്ഷ്യോല്പാദനവും** – പി.ജി.എസ്. സർട്ടിഫിക്കേഷൻ, ക്ലസ്റ്റർ അടിസ്ഥാനത്തിലെ ജൈവ കൃഷി, ഇക്കോഷോപ്പുകളുടെ പരിപാലനം, പായ്ക്കിംഗ്, ലേബലിംഗ്, ബ്രാൻഡിംഗ്, കുട്ടനാട് ജി.എ.പി. പ്രൊജക്ട്.
4. **സംയോജിത കൃഷി വികസനം** – മുകളിൽ പ്രസ്താവിച്ച ഓരോ പദ്ധതിയ്ക്കും കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് പ്രത്യേക ബജറ്റ് വിഹിതമുണ്ട്. ഇവ താഴെത്തട്ടിലുള്ള ഗ്രാമപഞ്ചായത്ത് തല കൃഷി ഭവനുകൾ മുഖേനയാണ് നടപ്പിലാക്കുന്നത്. എന്നിരുന്നാലും ഓരോ മേഖല യിലെയും പൂർണ്ണമായ വികസനത്തിന് പ്രസ്തുത തുക മതിയാകില്ല. സുജലം സുഫലം ഉപദൗത്യം പ്രസക്തമാകുന്നത് ഈ സാഹചര്യത്തിലാണ്. കാർഷിക മേഖലയുടെ വികസനം കൃഷി മാത്രമായി ഒതുങ്ങുന്നില്ല. ഇതോടൊപ്പം അനുബന്ധ മേഖലകളായ മൃഗസംരക്ഷണം ക്ഷീരവികസനം, മത്സ്യകൃഷി വികസനം, ജലസേചനം, മണ്ണ് സംരക്ഷണം തുടങ്ങിയ കൃഷി അനുബന്ധ മേഖലകൂടി സംയോജിക്കുമ്പോൾ മാത്രമാണ് പൂർണ്ണമായ അർത്ഥത്തിൽ ജൈവകൃഷിയിലധിഷ്ഠിതമായ കൃഷിവികസനം സാധ്യമാകുന്നത്. ഓരോ മേഖലയും മറ്റൊന്നിനെ സ്വാധീനിക്കുകയും ഇവയോരോന്നും പരസ്പര പൂരകങ്ങളായി വർത്തിക്കുന്ന സാഹചര്യം ഉടലെടുക്കേണ്ടതുണ്ട്. കൃഷി വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ജനപങ്കാളിത്തത്തോടെ സുതാര്യമായ രീതിയിൽ നടപ്പിലാക്കുന്നതിലൂടെ ഈ സാഹചര്യം സംജാതമാകും.

ഇതിലെ വിവിധ ഘടകങ്ങൾക്ക് കൃഷി വകുപ്പിന്റെ ബജറ്റ് വിഹിതത്തോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ വിഹിതത്തിൽ നിന്നും ആവശ്യമായ തുക കണ്ടെത്താൻ സാധിക്കും.

# 6

# പദ്ധതി സംയോജനം

നെൽകൃഷി പച്ചക്കറികൃഷി, ജൈവകൃഷി എന്നിവയുടെ വികസനവും ഉത്പാദന വർദ്ധനവും സാധ്യമാക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ പരിഗണിക്കപ്പെടേണ്ടതാണ്. ജനപങ്കാളിത്തവും അനുബന്ധ വകുപ്പുകളുടെ പങ്കാളിത്തവും ഇതിൽ പ്രധാനമാണ്. ആദ്യപടിയായി കൃഷി ഭവൻ തലത്തിൽ, വിവിധ കൃഷി രീതികളിലൂടെ അധിക ഭൂമി കണ്ടെത്തുന്നതിനും അവ കൃഷി യോഗ്യമാക്കുന്നതിന് വേണ്ട ആവശ്യങ്ങൾ മനസ്സിലാക്കി പദ്ധതി രൂപീകരണത്തിനുമായി ഒരു പ്രാഥമിക സർവ്വേ നടത്തേണ്ടതാണ്. സർവ്വേ ഫലങ്ങളുടെ അടിസ്ഥാനത്തിൽ കൃഷി ഭവൻ തലത്തിൽ നെൽകൃഷി, തരിശ് നിലകൃഷി, ഒരുപ്പൂ-ഇരുപ്പൂ കൃഷി, കരനെൽകൃഷി തുടങ്ങിയ അധിക നെൽകൃഷി വ്യാപന സാധ്യതകൾ, ഇവയ്ക്ക് ആവശ്യമായി വരുന്ന ഉത്പാദനോപാധികൾ, ഇവയുടെ ഉറവിടം, ഓരോ സീസണിലുള്ള കൃഷിയുടെ സമയക്രമം എന്നിങ്ങനെയുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതാണ്. ഇതിൽ അതാത് സാമ്പത്തിക വർഷം ലക്ഷ്യമാക്കുന്ന കൃഷി വിസ്തൃതിയ്ക്കനുസരിച്ച് ഓരോ ഘടകത്തിനും പ്രതീക്ഷിക്കുന്ന ചെലവും അതിനുള്ള ധനകാര്യസ്രോതസ്സും വ്യക്തമാക്കണം. ഇപ്രകാരം തയ്യാറാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ നെൽകൃഷി വ്യാപന പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയ്ക്കുള്ളിൽ വരുന്ന പ്രദേശത്തെ തരിശ്ശിട്ടിരിക്കുന്ന നിലങ്ങൾ ആരുടെ കൈവശമാണെന്നും അവയുടെ വിസ്തൃതിയും, തരിശ്ശിട്ടിരിക്കുന്നതിന്റെ കാരണവും കൃഷി ഓഫീസർ അനുബന്ധം-2 പ്രകാരമുള്ള പ്രൊഫോർമയിൽ മുൻഖണ്ഡികയിൽ സൂചിപ്പിച്ച പ്രാഥമിക സർവ്വേയുടെ ഭാഗമായി ശേഖരിക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ തരിശു നിലത്തിന്റെ ഉടമസ്ഥരുടെ യോഗം തദ്ദേശ സ്വയംഭരണ അദ്ധ്യക്ഷന്റെയും മറ്റ് ജനപ്രതിനിധികളുടേയും നേതൃത്വത്തിൽ വിളിച്ച് കൂട്ടണം. ഈ യോഗത്തിൽ സ്വന്തമായി നെൽകൃഷി നടത്തുവാൻ തയ്യാറുള്ളവരുടേയും മറ്റ് കർഷകർക്കോ കർഷക/കർഷക തൊഴിലാളി സംഘങ്ങൾക്കോ നിലം നൽകി കൃഷി നടത്തുന്നതിന് താത്പര്യമുള്ളവരുടെ മുൻഗണന ലിസ്റ്റ് തയ്യാറാക്കുക. ഇവർക്ക് വിവിധ വകുപ്പുകൾ ഏജൻസികൾ മുഖേന ലഭ്യമാകുന്ന സഹായങ്ങൾ വിശദമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച പ്രവർത്തനം നിരന്തരം വിലയിരുത്തിക്കൊണ്ട് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. ഇപ്രകാരം തയ്യാറാക്കിയ പട്ടിക പ്രകാരമുള്ള നെൽപാടങ്ങളിൽ ഒറ്റത്തവണ നിലമൊരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവശ്യമായിട്ടുള്ള

പാടങ്ങളിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർവ്വഹിക്കാനാവും. നഗര പ്രദേശങ്ങളിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഈ സാധ്യത പരിഗണിക്കാവുന്ന താണ്. നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരം തരിശ് നിലത്തിന്റെ ഉടമയ്ക്ക് നോട്ടീസ് നൽകികൊണ്ട് പ്രസ്തുത നിലം കൃഷിയാവശ്യത്തി നായി സർക്കാരിന് ഏറ്റെടുക്കാമെന്ന വ്യവസ്ഥയുണ്ട്. ആയതിനുള്ള സാധ്യതയും പരി ശോധിക്കേണ്ടതാണ്.

പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൃഷി വകുപ്പ് നടപ്പിലാക്കി വരികയാണ്. ഹരിതകേരളം പ്രവർത്തനങ്ങളുമായി സംയോജി പ്പിച്ച് ഈ ലക്ഷ്യത്തിന് കൂടുതൽ ആക്കം കൂട്ടുവാനുള്ള നടപടികൾ എടുക്കേണ്ടതാണ്. കൃഷി വകുപ്പിന്റെ പദ്ധതിയ്ക്കു പുറമെ മറ്റ് വകുപ്പുകളുടെ സമാന പദ്ധതികളും കൂടി യോജിപ്പിച്ച് ജൈവ കൃഷിക്കായി കൂടുതൽ തുക ചെലവാക്കുവാനും തന്മൂലം കൂടുതൽ കർഷകരെ ജൈവകൃഷിയിലേക്ക് നയിക്കുവാനും സുജലം സുഫലം ഉപദൗത്യം വഴിയുള്ള പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

2017-18 സാമ്പത്തിക വർഷം മുതൽ ജൈവ വൈവിധ്യം, പരമ്പരാഗത വിത്ത് എന്നിവ സംരക്ഷിക്കുന്നതിനും ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കി വരുന്നു. നെല്ല്, ചെറു ധാന്യങ്ങൾ എന്നീ വിളകൾക്ക് കൂടുതൽ ഊന്നൽ ഈ പദ്ധതിയിൽ നൽകി വരുന്നു. ആദിവാസികൾ, കർഷകക്കൂട്ടായ്മകൾ, എന്നിവ മുഖേന പരമ്പരാഗത വിളകളുടെ ഇനങ്ങൾ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകേണ്ടതാണ്.

7

# ജൈവ കൃഷി

2010 ഫെബ്രുവരി പത്താം തീയതിയിലെ സർക്കാർ ഉത്തരവ് GO(Rt) No. 39/2010 പ്രകാരം കൃഷി വകുപ്പ് സംസ്ഥാനത്ത് ജൈവ കാർഷിക നയം നടപ്പിലാക്കി വരുന്നു. പ്രസ്തുത ഉത്തരവിന്റെ ചുവട് പിടിച്ച് നടപ്പാക്കിയ പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയെ ജൈവ ജില്ല ആയി പ്രഖ്യാപിക്കുകയും തുടർന്ന് മറ്റ് 13 ജില്ലകളിലേക്കും ജൈവ കാർഷിക പദ്ധതി വ്യാപിപ്പിക്കുകയും ചെയ്തു. പൂർണ്ണമായും ജൈവകൃഷിയിലേക്ക് മാറുന്നതിന് ഉതകുംവിധം പ്രകൃതി സൗഹൃദവും, ആരോഗ്യം, സാമ്പത്തിക വികസനം എന്നിവ ഉറപ്പാക്കുന്നതുമായ ഉത്തമ കാർഷിക മുറകൾ (Good Agricultural Practices- GAP) കൃഷിയിടങ്ങളിൽ നടപ്പിലാക്കിവരുന്നു. ഇതിന്റെ ആദ്യപടിയായി പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും safe to eat ആശയത്തിൽ ഉല്പാദനം നടത്തി വരുന്നു. നല്ല കാർഷികമുറകൾ നിഷ്കർഷിക്കുന്ന തരത്തിൽ കൃഷി ചെയ്യുന്ന കൃഷി സ്ഥലങ്ങൾക്ക് കൃഷി വകുപ്പ് GAP സർട്ടിഫിക്കറ്റ് നല്കി വരുന്നു. ആയതിൻ പ്രകാരം ഹരിതകേരളം ഉപമിഷനിലൂടെ കൃഷി വകുപ്പ് താഴെ പറയുന്ന കാര്യങ്ങൾക്ക് ഊന്നൽ നൽകി പദ്ധതിനടപ്പാക്കുന്നതാണ്.

1. ജൈവ കൃഷി ക്ലസ്റ്ററുകൾ ഉണ്ടാക്കി രജിസ്റ്റർ ചെയ്യുക,
2. പ്രസ്തുത കൃഷിയിടങ്ങളിലെ പ്രവൃത്തികൾ രേഖകളാക്കുക,
3. രജിസ്റ്റർ ചെയ്ത കൃഷിയിടങ്ങളിലെ പ്രവൃത്തികൾ നിരീക്ഷിക്കുകയും സർട്ടിഫിക്കേഷനു വേണ്ടി പ്രപ്തമാക്കുകയും ചെയ്യുക,
4. പ്രവൃത്തികൾ വിലയിരുത്തലും, തിരുത്തലും സർട്ടിഫിക്കേഷൻ നൽകുകയും ചെയ്യുക,
5. പ്രസ്തുത കൃഷിയിടങ്ങളിലെ പ്രവൃത്തികൾ നിരീക്ഷിക്കുക
6. വ്യയരഹിത പ്രകൃതി സൗഹൃദ കൃഷി രീതി വ്യാപനം (Zero Budget Natural Farming). പ്രകൃതിയുടെ സ്വതസിദ്ധമായ കൃഷിരീതിയാണിത്. ഈ കൃഷിയുടെ ഏറ്റവും വലിയ പ്രത്യേകത കൃഷിചെലവ് പരമാവധി കുറച്ച് ആദായം ലഭ്യമാക്കുന്നു എന്നുള്ളതാണ്. കന്നുകാലികളിൽ നിന്ന് ലഭിക്കുന്ന ചാണകം, ഗോമൂത്രം അതുപയോഗിച്ചുണ്ടാക്കുന്ന ഘനജീവാമൃതം എന്നിവയും പ്രാദേശികമായി ലഭ്യമായ വിത്തുകളും മറ്റു സസ്യസംരക്ഷണ ചെടികളുമാണ് ഈ കൃഷിരീതിയിൽ ഉപയോഗപ്പെടുത്തുന്നത്. പ്രാദേശികമായി ലഭ്യമല്ലാത്ത വസ്തുക്കൾ ഒന്നുംതന്നെ ഈ കൃഷിരീതിയിൽ ഉപ

യോഗിക്കുന്നില്ല എന്നതാണ് ഈ കൃഷിരീതിയെ ചെലവ് കുറഞ്ഞ /ചെലവില്ലാത്ത കൃഷി സമ്പ്രദായമാക്കി മാറ്റുന്നത്. ഈ കൃഷിരീതി അവലംബിക്കുന്നതിലൂടെ കൃഷി ചെലവ് കുറയുന്നു. മണ്ണിന്റെ ജലം ശേഖരിച്ചു നിർത്താനുള്ള ശേഷിയും വർദ്ധിക്കുന്നു. കൂടാതെ പ്രദേശത്തിന്റെ ജൈവവൈവിധ്യം സംരക്ഷിക്കപ്പെടുന്നു. ഇത്തരത്തിലുള്ള കൃഷി രീതിയിലൂടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ പൂർണ്ണമായും ജൈവ ഉൽപ്പന്നങ്ങളായതിനാൽ അവയ്ക്ക് നല്ല വില ലഭ്യമാകുന്നു. ഇത്തരത്തിലുള്ള കൃഷി രീതി കാലിവളർത്തൽ ഉൾപ്പെടെയുള്ള സംയോജിത കൃഷി രീതി അവലംബിക്കുന്ന സ്ഥലങ്ങളിൽ മാതൃകാപരമായി ചെയ്യാവുന്ന സാധ്യതകൾ പരിശോധിക്കണം. പുതിയ ജൈവകൃഷി മാതൃകകൾ പരീക്ഷിക്കുന്ന ജൈവകൂട്ടായ്മകളുടെ നേതൃത്വത്തിൽ ഈ ജൈവകൃഷി മാതൃക നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

7. സംഘടനാ സംവിധാനങ്ങളും ചുമതലകളും

സുജലം സുഫലം ഉപദൗത്യത്തിന്റെ പ്രധാന കർത്തവ്യം കൃഷി, കാർഷിക അനുബന്ധമേഖലകളുടെ സംയോജനമാണ്. ഇതിലൂടെ സമഗ്രവും സുസ്ഥിരവുമായ കാർഷിക വികസനമാണ് ലക്ഷ്യമിടുന്നത്. നിലവിൽ പ്രസ്തുത മേഖലകൾ വിവിധ വകുപ്പുകളായി തിരിഞ്ഞ് പ്രത്യേക ബഡ്ജറ്റ് വിഹിതത്തോടെ പദ്ധതികൾ നടപ്പിലാക്കി വരുന്ന സാഹചര്യമാണുള്ളത്. പലപ്പോഴും അനുബന്ധ വകുപ്പുകൾ തമ്മിലുള്ള ആശയ വിനിമയത്തിന്റെ അഭാവം നിമിത്തം പല നല്ല പദ്ധതികളും നടപ്പിലാക്കുവാൻ കഴിയാതെയോ വിവിധ ഘട്ടങ്ങളിൽ ഉപേക്ഷിക്കപ്പെടേണ്ടതായോ ഉള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇത് ഒഴിവാക്കി വിവിധ വകുപ്പുകൾ കൈകോർത്ത് പ്രവർത്തിപ്പിക്കുന്നതിന് ഹരിത കേരളം മിഷൻ മുഖേന സാധിക്കും. ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട് സംസ്ഥാന തലത്തിലും ത്രിതല പഞ്ചായത്ത് തലത്തിലും, നഗരഭരണ പ്രദേശത്തും രൂപീകരിച്ചിട്ടുള്ള സംഘടനാ സംവിധാനം അനുബന്ധം-3 ആയി വിശദീകരിച്ചിട്ടുണ്ട്. വിവിധതലങ്ങളിൽ രൂപീകരിക്കുന്ന തദ്ദേശ ഭരണ സ്ഥാപന തല കാർഷിക പദ്ധതികളുടെ സംയോജനവും ഏകോപനവും അനുബന്ധം-3ൽ പറയുന്ന തദ്ദേശ ഭരണ സ്ഥാപന തല റിസോഴ്സ് ഗ്രൂപ്പായിരിക്കും നിർവ്വഹിക്കുക.

# 8

# പരിശീലനം

കൃഷി വികസന മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ തദ്ദേശ ഭരണ സ്ഥാപന അദ്ധ്യക്ഷൻമാർ, ജനപ്രതിനിധികൾ, കൃഷിവകുപ്പിലെ ഉദ്യോഗസ്ഥർ, കാർഷിക കർമ്മസേനാ അംഗങ്ങൾ തുടങ്ങിയവർക്ക് ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ലക്ഷ്യങ്ങൾ, പ്രവർത്തന പരിപാടി എന്നിവയെ സംബന്ധിച്ച വിപുലമായ പരിശീലനം നൽകേണ്ടതാണ്. അവ കിലയുടെ നേതൃത്വത്തിൽ നടത്താവുന്നതാണ്.

കൃഷി വകുപ്പിന്റെ കീഴിൽ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന 8 പ്രാദേശിക കാർഷിക സാങ്കേതിക പരിശീലന കേന്ദ്രങ്ങളും (RATTC) കർഷക പരിശീലന കേന്ദ്രങ്ങളും (FTC), സമേതി മുഖേന കർഷകർക്കും കൃഷി ഉദ്യോഗസ്ഥർക്കും നൂതന കാർഷിക സങ്കേതങ്ങളെക്കുറിച്ചും കൃഷി വികസന പദ്ധതികളെക്കുറിച്ചും മുൻകൂർ നിശ്ചയിച്ച ഷെഡ്യൂൾ പ്രകാരം പരിശീലന പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. കൃഷി വകുപ്പ് ഇതിനായി വിവിധ വിളകൾക്കും, വിഷയങ്ങൾക്കും പ്രത്യേകം പ്രാധാന്യം നൽകി കർഷകരുടേയും ഉദ്യോഗസ്ഥരുടേയും പരിശീലന കലണ്ടർ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

# 9
# കാർഷിക വിപണന സംവിധാനം

കാർഷികോത്പാദനത്തോടൊപ്പം അർഹിക്കുന്ന മേഖലയാണ് കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനവും. കർഷകർക്ക് ഉൽപ്പാദന വർദ്ധനവിനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ വിജ്ഞാന വ്യാപനത്തിലൂടെയും ധനസഹായം വിവിധ പദ്ധതികളിലൂടെയും നൽകുന്നതിനൊപ്പം വിപണന മേഖലയിലും കൃഷിവകുപ്പ് ശ്രദ്ധിച്ചുവരുന്നുണ്ട്. കൃഷിവകുപ്പിന്റെ കാർഷിക മൊത്ത വ്യാപാര വിപണികൾ പച്ചക്കറി ക്ലസ്റ്ററുകളുടെ വിപണികൾ, കൃഷിഭവനുകൾക്ക് അനുബന്ധമായി പ്രവർത്തിക്കുന്ന ഇക്കോഷോപ്പുകൾ, കൃഷിവകുപ്പും കുടുംബശ്രീയും നടപ്പിലാക്കി വരുന്ന ആഴ്ച ചന്തകൾ എന്നിവയിലൂടെ വിപണന സംവിധാനം ഒരുക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതോടൊപ്പം ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നിവയുടെ വിപണന സംവിധാനവും അനുപൂരകമായി പ്രവർത്തിക്കും.

# 10

# പദ്ധതി നിർവ്വഹണം

കാർഷിക മേഖലയിലെ വെല്ലുവിളികൾ നേരിടുന്നതിന് ഉതകുന്ന വിവിധങ്ങളായ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കി സമയബന്ധിതമായി നിർവ്വഹണം നടത്തുകയാണ് വേണ്ടത്. ഒരു വിളയുടെ വികസനത്തിന് ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഒറ്റ പദ്ധതി തയ്യാറാക്കി നിർവ്വഹണം നടത്തുക എന്ന രീതിയാണ് ഉചിതം. ഇപ്രകാരം പ്രാദേശികമായ പ്രത്യേകതകളും ആവശ്യങ്ങളും മനസ്സിലാക്കിയുള്ള പദ്ധതി രൂപീകരണത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കണം. സാങ്കേതിക സഹായം ആവശ്യമുള്ള പ്രോജക്ടുകൾക്ക് സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുള്ള ഒരു സാങ്കേതിക സഹായ സമിതി രൂപീകരിക്കണം (റിസോഴ്സ് ഗ്രൂപ്പ് - അനുബന്ധം.1).

പദ്ധതി രൂപീകരണത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഉൾപ്പെടെയുള്ള ധന സ്രോതസ്സുകളുടെ സമയബന്ധിതമായ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ വിവിധ തലങ്ങളിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും ഉറപ്പാക്കേണ്ടതാണ്. കാർഷിക വിളകളുമായി ബന്ധപ്പെട്ട പദ്ധതി നിർവ്വഹണത്തിൽ വിള ഇൻഷുറൻസ് ബാധകമായ സംഗതികളിൽ സമയബന്ധിതമായി ഇൻഷുർ ചെയ്യിപ്പിക്കുന്നതിന് കർഷകരെ പ്രേരിപ്പിക്കേണ്ടതാണ്.

കാർഷിക മേഖലയിലെ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിച്ച് ഉൽപ്പാദന ചെലവ് കുറക്കുന്നതിന് കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ തുടങ്ങയവരുടെ സേവനം കാര്യക്ഷമമായും ഫലപ്രദമായും ഉപയോഗിക്കേണ്ടതാണ്.

# 11
# മോണിട്ടറിംഗ്

പദ്ധതികളുടെ പൊതുവായ മോണിട്ടറിംഗ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ 'സുജലം സുഫലം' ഉപദൗത്യ റിസോഴ്സ് ഗ്രൂപ്പ് നിർവ്വഹിക്കും. മിഷൻ പദ്ധതികളുടെ ലക്ഷ്യങ്ങൾ ഗുണഫലങ്ങൾ സമയക്രമം, ഉത്തരവാദിത്വം ഇതൊക്കെ ആരൊക്കെ ഏതൊക്കെ സമയത്ത് നിരീക്ഷണം നടത്തണമെന്ന് ഓരോ പദ്ധതിയിലും കൃത്യമായി പറഞ്ഞിരിക്കണം. ഗുണഫലങ്ങളുടെ കൃത്യമായ വിശകലനം നടത്താനുള്ള സംവിധാനമായി നിരീക്ഷണ സംവിധാനം മാറണം. പ്രദേശിക തലത്തിൽ ഗുണഭോക്താക്കൾ ഉൾപ്പെടുന്ന പങ്കാളിത്ത നിരീക്ഷണ സംവിധാനങ്ങൾ ഉണ്ടാകുന്നത് ഉചിതമായിരിക്കും. കർഷക സഭകൾക്ക് ഇക്കാര്യത്തിൽ നിർണായക പങ്ക് വഹിക്കാനാകും.

# അനുബന്ധം 1

## പഞ്ചായത്ത് ഫാം പ്ലാൻ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

ഒരു തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന ഭൂപ്രദേശത്തിനെ അടിസ്ഥാനമാക്കിയാണ് ഫാം പ്ലാൻ തയ്യാറാക്കേണ്ടത്. ഇതിന്റെ ഏറ്റവും അടിസ്ഥാന ഘടകമായി എടുക്കേണ്ടത് ഭൂപ്രദേശത്ത് ഉൾപ്പെടുന്ന നീർത്തടങ്ങളെയാണ്. ഒരു ഫാം പ്ലാൻ തയ്യാറാക്കുമ്പോൾ അതിൽ ഉൾപ്പെടുന്ന പ്രദേശത്തെ ഓരോ നീർത്തടങ്ങളെയും (ഇടത്തരം, സൂക്ഷ്മ നീർത്തടങ്ങളാണെങ്കിലും) പ്രത്യേകം ഘടകങ്ങളാക്കി അതിന് ഓരോന്നിനും വേണ്ട ആവശ്യങ്ങൾ മനസിലാക്കിക്കൊണ്ടുള്ള പദ്ധതിയാണ് തയ്യാറാക്കേണ്ടത്. ഇത്തരത്തിലുള്ള ഓരോ നീർത്തടത്തിന്റെയും ഓരോ പ്രദേശത്തും ഓരോ സീസണിലും ഏറ്റവും അനുയോജ്യമായ കൃഷി എന്താണെന്ന് തിരിച്ചറിഞ്ഞാണ് ഫാം പ്ലാൻ തയ്യാറാക്കേണ്ടത്.

കാർഷിക ഉൽപ്പാദന നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും സാധ്യതകളും ഇതിൽ പ്രതിപാദിക്കണം. ജനപങ്കാളിത്തത്തോടെയാവണം ഫാം പ്ലാൻ തയ്യാറാക്കേണ്ടത്. ഇതിനായി കൃഷിഭവന്റെ സേവന പരിധിയിലുള്ള പ്രദേശത്തെ കൃഷി, മൃഗസംരക്ഷണം, ജലസേചനം, ക്ഷീര വികസനം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരും ആ പ്രദേശത്തെ സർവ്വീസിൽ നിന്നും വിരമിച്ച ഈവകുപ്പുകളിലെ ബന്ധപ്പെട്ട ഗവേഷണ സ്ഥാപനങ്ങളിലെയും മുൻ ഉദ്യോഗസ്ഥരും അനുഭവ സമ്പന്നരായ കർഷകരും ഉൾപ്പെടുന്ന ഒരു റിസോഴ്സ് ഗ്രൂപ്പ് ബന്ധപ്പെട്ട സർക്കുലറിലെ (കൃഷി ഡയറക്ടറുടെ 07/09/2017 ലെ ജി.ഒ(1)37932/17) നിർദ്ദേശാനുസരണമായി തദ്ദേശഭരണ സമിതിയുടെ അധ്യക്ഷന്റെ നേതൃത്വത്തിൽ വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പങ്കാളിത്തം ഉറപ്പാക്കി രൂപീകരിച്ച്. തദ്ദേശഭരണ സ്ഥാപനത്തിന്റെ വിവര ശേഖരണത്തിനായി ആശ്രയിക്കാം. കൂടാതെ നീർത്തട മാസ്റ്റർ പ്ലാൻ, മത്സ്യകൃഷി, മൃഗസംരക്ഷണം, ജലസേചനം, തേനീച്ച വളർത്തൽ എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ/ഏജൻസികൾ/സന്നദ്ധ സംഘടനകൾ തുടങ്ങിയവരുടെ പക്കലുള്ള വിവരങ്ങളും ശേഖരിക്കണം. ഹരിതകേരളം മിഷന്റെ ജലസമൃദ്ധി ഉപദൗത്യത്തിന്റെ ഭാഗമായി നീർത്തട രേഖകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങളിൽ അതാത് കൃഷി ഓഫീസർമാർ ആവശ്യമായ സഹായ സഹകരണങ്ങൾ ചെയ്തുകൊണ്ട് ഫാം പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾക്ക് അടിസ്ഥാനമുണ്ടാക്കാൻ സാധിക്കും. ഫാം പ്ലാനിൽ ഇനിപ്പറയുന്ന ഘടകങ്ങൾ നിർബന്ധമായും ഉൾപ്പെട്ടിരിക്കണം.

1. ജനസംഖ്യ, ഭൂമിശാസ്ത്രം തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ.
2. ഭൂപടം.
3. സാമൂഹിക സാംസ്കാരിക ചരിത്രം.
4. ഭൂവിനിയോഗം (ആകെ വിസ്തൃതി, വനം, കൃഷിയോഗ്യമായ പാഴ്ഭൂമി, തരിശു ഭൂമി, ആകെ കൃഷിഭൂമി തുടങ്ങിയ രീതി).
5. വിള വിസ്തൃതി.
6. കാലാവസ്ഥ.

7. മണ്ണിനങ്ങൾ.
8. മണ്ണിന്റെ ഫലഭൂയിഷ്ഠി അവസ്ഥ.
9. നീർത്തടങ്ങൾ (തദ്ദേശഭരണ സ്ഥാപനത്തിന്റെ അതിർത്തിക്കുള്ളിൽ വരുന്ന ചെറു നീർത്തടങ്ങൾ).
10. ജലസ്രോതസ്സുകൾ.
11. ജലസേചന സൗകര്യങ്ങൾ.
12. തൊഴിൽ അവസ്ഥ (പൂർണ്ണ സമയ കർഷകർ, കർഷകതൊഴിലാളികൾ തുടങ്ങിയവ)
13. കാർഷിക മേഖലയിൽ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ വിശദാംശങ്ങൾ, (കർഷകർ, കർഷകത്തൊഴിലാളികൾ, യന്ത്രങ്ങൾ വാടകയ്ക്ക് നൽകുന്നവർ, കർമ്മസേന, വിത്തും വളവും വിൽക്കുന്നവർ, കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുന്നവർ, കാർഷിക ഉൽപ്പന്നങ്ങളുടെ കച്ചവടക്കാർ തുടങ്ങിയവ).
14. ചന്തകൾ (കർഷകർക്ക് ഉൽപ്പന്നങ്ങൾ നേരിട്ട് വിപണനം ചെയ്യാനുള്ള സൗകര്യം).
15. സഹകരണ സംഘങ്ങൾ.
16. വായ്പാ സൗകര്യം.
17. സംഭരണ - വിപണന സംവിധാനങ്ങൾ (സ്വകാര്യ ഏജൻസികൾ ഉൾപ്പെടെ).
18. കാർഷിക ഉൽപ്പന്ന - സംസ്കരണ സംവിധാനങ്ങൾ.
19. കാർഷിക മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ സംരംഭങ്ങൾ.
20. കാർഷിക യന്ത്രവൽക്കരണം (യന്ത്രങ്ങളുടെ എണ്ണം, ഏജൻസികൾ, നൈപുണ്യം നേടിയ തൊഴിലാളികളുടെ എണ്ണം (തെങ്ങുകയറ്റം ഉൾപ്പെടെ).
21. കാർഷിക സേവന സംരംഭങ്ങൾ (കാർഷിക കർമമമസേന, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവ).
22. ജനകീയ കാർഷിക സംഘടനകളും ഗ്രൂപ്പുകളും (കാർഷികരംഗത്ത് സജീവമായി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ, നവമാധ്യമ കൂട്ടായ്മകൾ തുടങ്ങിയവ).
23. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ.
24. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്താൻ കഴിയുന്ന കൃഷിയുമായി ബന്ധപ്പെട്ട മേഖലകൾ.
25. കന്നുകാലി വളർത്തൽ.
26. കോഴിവളർത്തൽ.
27. മത്സ്യകൃഷി.
28. തേനീച്ച വളർത്തൽ.
29. മറ്റു കാർഷികാനുബന്ധ സംരംഭങ്ങൾ.
30. തീറ്റപ്പുൽ വളർത്തൽ.
31. അടുത്ത മൂന്ന് വർഷത്തേക്കുള്ള വിള വിസ്തൃതി ലക്ഷ്യം. അടുത്ത അഞ്ച് വർഷത്തേക്കുള്ള വിള വിസ്തൃതി ലക്ഷ്യം.
32. ഓരോ വിളയുടെയും നിലവിലെ ഉല്പ്പാദനവും ഉല്പാദന ക്ഷമതയും.
33. ഓരോ വിളയുടെയും നിലവിലെ അവസ്ഥ, പ്രശ്നങ്ങൾ, കാരണങ്ങൾ, പരിഹാരം, ലക്ഷ്യം.
34. ഓരോ പ്രധാന വിളയിലും ലക്ഷ്യമിടുന്ന ഉല്പാദനം.

35. ഓരോ പ്രധാന വിളയിലും ലക്ഷ്യമിടുന്ന ഉല്പാദനക്ഷമത.
36. മൃഗസംരക്ഷണ മേഖലയിലെ വിവിധ സംരംഭങ്ങളിലെ നിലവിലെ ഉല്പാദനവും ഉല്പാദന ക്ഷമതയും.
37. മത്സ്യകൃഷി, തേനീച്ച വളർത്തൽ, മറ്റു കൃഷി അനുബന്ധ മേഖലകൾ എന്നിവയിലെ നിലവിലെ ഉല്പാദനവും ലക്ഷ്യമിടുന്ന ഉല്പാദനവും.
38. പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തന ലക്ഷ്യങ്ങൾ.
39. ഉല്പാദന ഉപാധികളുടെ ലഭ്യതയ്ക്കുള്ള പരിപാടികൾ.
40. ജലഉപഭോഗ ബഡ്ജറ്റിംഗ് ആസൂത്രണവും നിർവ്വഹണവും.
41. കാർഷിക സേവന രംഗത്തെഇന്നത്തെ അവസ്ഥ, പരിമിതികൾ, അത് പരിഹരിക്കാനുള്ള ഉപായങ്ങൾ.
42. വിവിധ കാർഷികാനുബന്ധ പദ്ധതികൾക്ക് വിവിധ തലത്തിൽ ലഭ്യമാകാവുന്ന ധന വിഭവ സ്രോതസ്സുകൾ.
43. ഫാം പ്ലാനിൽ കൃഷിയിടങ്ങളിൽ ഓരോ കാലത്തും ജല വിനിയോഗ ബഡ്ജറ്റിംഗിന് അനുസൃതമായി ഏത് വിളയാണ് കൃഷിക്കാരന് കൂടുതൽ വരുമാനം ലഭിക്കുന്നതിനായി കൃഷി ചെയ്യാൻ സാധിക്കുക എന്നതിന്റെ മാതൃകകൾ ഉൾപ്പെടുത്തണം. ഉദാഹരണത്തിനായി ജലദൗർലഭ്യം ഉള്ള സ്ഥലങ്ങളിൽ വേനൽക്കാലത്ത് ജലം അധികം ആവശ്യമില്ലാത്ത ചോളം, മുതലായവ ധാന്യങ്ങൾ, എള്ള്, പയർ വർഗ്ഗങ്ങൾ എന്നിവ കൃഷിക്കായി ഉൾപ്പെടുത്താം. പാടങ്ങളിൽ കഴിവതും നെല്ലുതന്നെ കൃഷി ചെയ്യപ്പെടുന്നുവെന്ന് ഉറപ്പുവരുത്തണം. മൂന്നാം വിളയ്ക്ക് നെല്ല്, പയർ വർഗ്ഗങ്ങൾ, എള്ള്, ജലം കുറച്ചുമാത്രം ആവശ്യമായ ധാന്യങ്ങൾ എന്നിവയിൽ അപ്പോഴുള്ള സാഹചര്യത്തിൽ ഏറ്റവും അനുയോജ്യവും കൃഷിക്കാരന് ഏറ്റവും ആദായം നൽകുന്നതുമായ വിള കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കണം.
44. കൃഷിക്ക് പ്രതിബന്ധമായ അടിസ്ഥാന സൗകര്യങ്ങളുടെ അപാകതകളും അപര്യാപ്തതകളും രേഖപ്പെടുത്തണം.

# അനുബന്ധം 2

**പട്ടിക 1 നിലവിലെ അവസ്ഥ (പാടശേഖരങ്ങളുടെ ഭാഗമായി അല്ലാതെ കിടക്കുന്ന നെൽകൃഷി ചെയ്യുന്ന പാടങ്ങളും ഉൾപ്പെടുത്തണം**

| പാട ശേഖര ത്തിന്റെ പേര് | 2016–17 ലെ കൃഷി വിസ്തൃതി (ഹെക്ടർ) | | | | | നിലവിലെ തരിശ് നില വിസ്തൃതി (ഹെക്ടർ) | | | |
|---|---|---|---|---|---|---|---|---|---|
| | ഒ ന്നാം വി ള | ര ണ്ടാം വി ള | മൂ ന്നാം വി ള | ആ കെ | നേരിട്ട് കൃഷി യിറ ക്കാവു ന്നത് | ജലനി ർഗമന സൗകര്യം ഇല്ലാ ത്തത് കാരണം തരിശാ യത് | വന്യമൃഗ ആക്ര മണം കാരണം കൃഷി ചെയ്യാ ത്തത് | നിർമ്മാണ പ്രവർത്ത ങ്ങൾ കാരണം തരിശായത് | ആ കെ |
| | | | | | | | | | |
| ആകെ | | | | | | | | | |

**അധിക നെൽകൃഷി വിസ്തൃതി ലക്ഷ്യം (ഹെക്ടർ)**

| | ഒന്നാം വർഷം | | | | | രണ്ടാം വർഷം (2018–19) | | | | |
|---|---|---|---|---|---|---|---|---|---|---|
| | ത രി ശ് നി ല ത്തി ലെ കൃ ഷി | ജലനി ർഗമന സൗക ര്യത്തോ ടുകൂടി അധിക വിള കൃഷി ചെയ്യാ വുന്ന താണ് | ജല സേചന സൗക ര്യത്തോ ടുകൂടി അധി കവിള കൃഷി ചെയ്യാ വുന്നതാ ണ് | കര നെൽ കൃഷി | ആ കെ | തരിശ് നില ത്തിലെ കൃഷി | ജലനി ർഗമന സൗക ര്യത്തോ ടുകൂടി അധിക വിള കൃഷി ചെയ്യാ വുന്ന താണ് | ജല സേചന സൗക ര്യത്തോ ടുകൂടി അധി കവിള കൃഷി ചെയ്യാ വുന്ന താണ് | കര നെൽ കൃഷി | ആ കെ |
| ഒ ന്നാം വി ള | | | | | | | | | | |
| ര ണ്ടാം വി ള | | | | | | | | | | |
| മൂ ന്നാം വി ള | | | | | | | | | | |
| ആ കെ | | | | | | | | | | |

# അനുബന്ധം 3

## ഹരിതകേരളം മിഷൻ ഘടന സംസ്ഥാന മിഷൻ

| | | |
|---|---|---|
| അധ്യക്ഷൻ | : | മുഖ്യമന്ത്രി |
| സഹ അധ്യക്ഷന്മാർ ഉപാധ്യക്ഷന്മാർ | : | തദ്ദേശ സ്വയംഭരണം, കൃഷി, ജലവിഭവം, ധനകാര്യം, ആരോഗ്യം, വനം വകുപ്പ് മന്ത്രിമാരും, ആസൂത്രണ ബോർഡ് ഉപാധ്യക്ഷനും |
| പ്രത്യേക ക്ഷണിതാവ് | : | പ്രതിപക്ഷ നേതാവ് |
| എക്സിക്യുട്ടീവ് വൈസ് ചെയർപേഴ്സൺ | : | ഡോ.ടി.എൻ. സീമ, മുൻ എം.പി |
| സാങ്കേതിക ഉപദേഷ്ടാവ് | : | ഡോ. ആർ. അജയകുമാർ വർമ്മ |
| അംഗങ്ങൾ | : | 1. ചീഫ് സെക്രട്ടറി<br>2. തദ്ദേശസ്വയംഭരണം, കൃഷി, മൃഗസംരക്ഷണം, ജലവിഭവം, ആരോഗ്യം, ടൂറിസം, വിദ്യാഭ്യാസം, വ്യവസായം, പരിസ്ഥിതി, വിവര-സാങ്കേതികം, ശാസ്ത്ര-സാങ്കേതികം വകുപ്പുകളുടെ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ<br>3. ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ, മേയേഴ്സ് കൗൺസിൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ മുതലായ സംഘടനകൾ നാമനിർദ്ദേശം ചെയ്യുന്ന ഓരോ പ്രതിനിധികൾ (5)<br>4. വൈസ് ചാൻസലർ, കേരള കാർഷിക സർവ്വകലാശാല<br>5. സർക്കാരിന്റെ ഡെവലപ്മെന്റ് അഡ്വൈസർ, |
| മിഷൻ സെക്രട്ടറി | : | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി |

## സംസ്ഥാന മിഷനുകളുടെ ചുമതലകൾ

1. മിഷൻ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുകയും സുഗമമായ പ്രവർത്തന ത്തിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.
2. വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഉദ്യോഗസ്ഥരുടെയും ഏകോപനം ഉറപ്പാക്കുക.
3. സംസ്ഥാനതല കർമ്മസേന തയ്യാറാക്കുന്ന മിഷൻ ഡോക്യുമെന്റ് പരിശോധിച്ച് അംഗീകാരം നൽകുക.
4. സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് ഉൾപ്പെടെ അധിക വിഭവ സമാഹരണത്തിനുള്ള സാധ്യതകൾ കണ്ടെത്തുക.
5. മേൽനോട്ട – നിരീക്ഷണ സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുക.
6. അംഗീകൃത കർമ്മ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുക.
7. മിഷൻ പ്രവർത്തനങ്ങൾക്ക് മികച്ച ആസൂത്രണ നിർവ്വഹണ സഹായം ലഭിക്കുന്നു വെന്ന് ഉറപ്പാക്കുക.

മേൽപ്പറഞ്ഞ ചുമതലകൾ നിർവ്വഹിക്കുവാൻ വേണ്ടി മിഷന്റെ പ്രവർത്തന ഘടക ങ്ങൾ, സംഘടനാ സംവിധാനങ്ങൾ എന്നിവയിൽ ക്രിയാത്മകമായ ഇടപെടലുകൾ മൂർ ത്തമായ രൂപം നൽകുകയും അവയ്ക്ക് അംഗീകാരം വാങ്ങി നടപ്പാക്കുകയും ചെയ്യുക

## ജില്ലാ മിഷൻ

സംസ്ഥാനതലത്തിൽ നാല് മിഷനുകൾ പ്രവർത്തിക്കുമെങ്കിലും ജില്ലാ തലത്തിൽ നാല് വികസന മിഷനുകൾക്കും വേണ്ടി ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു മിഷൻ മാത്രമേ ഉണ്ടാകുകയുള്ളൂ.

| | | |
|---|---|---|
| അധ്യക്ഷൻ | : | ചെയർപേഴ്സൺ, ജില്ലാ ആസൂത്രണ സമിതി |
| അംഗങ്ങൾ | : | 1. ജില്ലയിൽ നിന്നുള്ള ലോക്സഭാ അംഗങ്ങൾ<br>2. രാജ്യസഭാ എം.പിമാർ (നോഡൽ ജില്ലകളിൽ)<br>3. മേയർ<br>4. ജില്ലയിൽ നിന്നുള്ള എം.പിമാർ<br>5. മുനിസിപ്പൽ ചെയർപേഴ്സൺമാ രുടെ ചേമ്പർ നാമ നിർദ്ദേശം ചെയ്യുന്ന രണ്ട് ചെയർമാൻമാർ<br>6. ബ്ലോക്ക് പഞ്ചായത്ത് പ്രസിന്റു മാരുടെ അസോസിയേഷന്റെ ജില്ലാ പ്രസിഡന്റും സെക്രട്ടറിയും |

7. ഗ്രാമപഞ്ചായത്ത് ജില്ലാ അസോസിയേഷന്റെ പ്രസിഡന്റും സെക്രട്ടറിയും
8. ജില്ലാ പഞ്ചായത്തിലെ സ്റ്റാൻഡിംഗ് ചെയർപേഴ്സൺമാർ
9. ജില്ലാ ആസൂത്രണ സമിതിയിലെ സർക്കാർ നോമിനി
10. ജില്ലാ പ്ലാനിംഗ് ഓഫീസർ
11. പ്രിൻസിപ്പൽ കൃഷി ഓഫീസർ
12. ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, എം.ജി.എൻ.ആർ.ഇ.ജി.എസ്
13. ജില്ലയിലെ സീനിയർ എഞ്ചിനീയർ, ജലസേചനം
14. ജില്ലാ കോ-ഓർഡിനേറ്റർ, ശുചിത്വമിഷൻ
15. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
16. ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി)
17. ജില്ലാ മെഡിക്കൽ ഓഫീസർ, ഭാരതീയ ചികിത്സാ വകുപ്പ്
18. ജില്ലാ മെഡിക്കൽ ഓഫീസർ, ഹോമിയോ
19. ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം
20. പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം
21. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ
22. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യം
23. അസി. ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)
24. നാല് മിഷനുകളുടെയും ജില്ലാ കോ-ഓർഡിനേറ്റർമാർ

മിഷൻ സെക്രട്ടറി & ചീഫ് കോ-ഓർഡിനേറ്റർ : ജില്ലാ കളക്ടർ & മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി

## ജില്ലാ മിഷന്റെ ചുമതലകൾ

1. മിഷൻ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും, സുഗമമായ പ്രവർത്തന ത്തിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.
2. ഉദ്യോഗസ്ഥരുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ കേന്ദ്രീകരിക്കുന്ന രീതിയിൽ ഏകോപനം ഉറപ്പാക്കുക.
3. ജില്ലാ ദൗത്യരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളും മറ്റ് ഏജൻസികളും ഏറ്റെടുത്ത് നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുക.
4. അധിക വിഭവ സമാഹരണം (സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് ഉൾപ്പെടെ) ഉറപ്പാ ക്കുക.

## മുനിസിപ്പാലിറ്റി/മുൻസിപ്പൽ കോർപ്പറേഷൻതല മിഷൻ

മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ നാല് മിഷനുകൾക്കും വേണ്ടി ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു മിഷൻ പ്രവർത്തിക്കുന്നതാണ്.

| | |
|---|---|
| അധ്യക്ഷൻ | : മുനിസിപ്പൽ ചെയർപേഴ്സൺ/കോർപ്പ റേഷൻ മേയർ |
| അംഗങ്ങൾ | : 1. എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും<br>2. ആസൂത്രണ സമിതി വൈസ് ചെയർപേഴ്സൺ<br>3. സി.ഡി.എസ്സുകളുടെ ചെയർ പേഴ്സൺമാർ<br>4. വാർഷിക പദ്ധതി തയ്യാറാക്കുന്ന തിനു വേണ്ടി രൂപീകരിക്കുന്ന ബന്ധ പ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാരും, വൈസ് ചെയർപേഴ്സൺമാരും, കൺവീ നർമാരും, (കൃഷി, ദാരിദ്ര്യലഘൂകര ണം, പാർപ്പിടം, ആരോഗ്യം, കുടിവെ ള്ളം, ശുചിത്വം, വിദ്യാഭ്യാസം)<br>5. ഐ.സി.ഡി.എസ്. സൂപ്പർവൈസർ/ അസിസ്റ്റന്റ് സി.ഡി.പി.ഒ/സി.ഡി.പി.ഒ |
| മിഷൻ സെക്രട്ടറി | : ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

## ബ്ലോക്ക് തല മിഷൻ

ബ്ലോക്ക് തലത്തിൽ ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു മിഷൻ പ്രവർത്തിക്കുന്ന താണ്.

| | |
|---|---|
| അധ്യക്ഷൻ | : ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് |

| | | |
|---|---|---|
| അംഗങ്ങൾ | : | 1. ബ്ലോക്ക് പരിധിയിൽ നിന്നുള്ള എം.എൽ.എ. മാർ<br>2. ബ്ലോക്ക് പരിധിയിൽ നിന്നുള്ള ജില്ലാ പഞ്ചായത്ത് അംഗങ്ങൾ<br>3. ബ്ലോക്ക് പരിധിയിൽ നിന്നുള്ള ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ<br>4. ബ്ലോക്ക് പഞ്ചായത്തിലെ സ്റ്റാൻ ഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ |
| മിഷൻ സെക്രട്ടറി | : | നഗരസഭാ സെക്രട്ടറി |

## ബ്ലോക്ക്തല മിഷന്റെ ചുമതലകൾ

1. ബ്ലോക്ക് തലത്തിൽ ഏകോപന/സംയോജന സാധ്യതകൾ ഉറപ്പാക്കുന്നതിന് വേണ്ടി രൂപീകരിക്കുന്ന റിസോഴ്സ് ടീമിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
2. ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങൾക്ക് സ്ഥാപനതല പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
3. ഗ്രാമപഞ്ചായത്ത് പദ്ധതിയിൽ സംയോജിപ്പിച്ചു നടത്തേണ്ട സംസ്ഥാനതല പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും സംബന്ധിച്ച മാർഗ്ഗരേഖ, നിർവ്വഹണ നിബന്ധനകൾ എന്നിവ തയ്യാറാക്കി പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും സംയോജനം ഉറപ്പാക്കുക.
4. മിഷൻ പ്രവർത്തനങ്ങൾ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടേയും വാർഷിക പദ്ധതിയുടേയും ഭാഗമാക്കുന്നതിനുള്ള പ്രായോഗിക ശുപാർശകൾ പഞ്ചായത്ത് ഭരണസമിതിക്ക് നൽകുക.

**ഗ്രാമപഞ്ചായത്ത്തലമിഷൻ :** ഗ്രാമപഞ്ചായത്ത് തലത്തിൽ നാല് മിഷനുകൾക്കും വേണ്ടി ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു മിഷൻ പ്രവർത്തിക്കുന്നതാണ്.

| | | |
|---|---|---|
| അധ്യക്ഷൻ | : | ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് |
| അംഗങ്ങൾ | : | 1. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജില്ലാ/ ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ അംഗങ്ങൾ<br>2. എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും<br>3. ആസൂത്രണ സമിതി വൈസ് ചെയർപേഴ്സൺ<br>4. ഡി.സി.എസ്സുകളുടെ ചെയർ പേഴ്സൺമാർ<br>5. വാർഷിക പദ്ധതി തയ്യാറാക്കുന്നതിനു വേണ്ടി രൂപീകരിക്കുന്ന |

ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാരും വൈസ് ചെയർപേഴ്സൺമാരും കൺവീനർ മാരും (കൃഷി, ദാരിദ്ര്യ ലഘൂകരണം, പാർപ്പിടം, ആരോഗ്യം, കുടിവെള്ളം, ശുചിത്വം, വിദ്യാഭ്യാസം)

6. ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ/ അസിസ്റ്റന്റ് സി.ഡി.പി.ഒ./സി.ഡി.പി.ഒ.

മിഷൻ സെക്രട്ടറി : ഗ്രാമപഞ്ചായത്ത് സെക്രട്ടറി

## ഗ്രാമ/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ തല മിഷന്റെ ചുമതലകൾ

1. ഗ്രാമപഞ്ചായത്ത്/നഗരസഭ പ്രദേശത്തിന് വേണ്ടിയുള്ള പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
2. വിവിധ വകുപ്പുകളുടെയും ഉദ്യോഗസ്ഥരുടെയും ഏജൻസികളുടെയും സന്നദ്ധ പ്രവർത്തകരുടെയും പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഏകോപിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
3. മിഷൻ പ്രവർത്തനങ്ങൾ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെയും വാർഷിക പദ്ധതിയുടെയും ഭാഗമാക്കുന്നതിനുള്ള പ്രായോഗിക ശുപാർശകൾ ഭരണസമിതി യ്ക്ക് നൽകുക.
4. മിഷൻ പ്രവർത്തനങ്ങൾ വർദ്ധിച്ച ജനപങ്കാളിത്തത്തോടെ ഏറ്റെടുക്കുന്നതിന് സാമൂ ഹിക മത സംഘടനകൾ/പ്രവാസികൾ തുടങ്ങി സമസ്ത ജനവിഭാഗങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിന് വേണ്ട നടപടികൾക്ക് രൂപം നൽകുക.
5. അധിക വിഭവ സമാഹരണം (സാമൂഹിക പ്രതിബദ്ധതാ ഫണ്ട് ഉൾപ്പെടെ) ഉറപ്പാ ക്കുക.

## സഹായ സംവിധാനങ്ങൾ/ കർമ്മസേനകൾ

ജില്ലയിൽ ഒരു മിഷൻ മാത്രമേ ഉണ്ടാവുകയുള്ളൂ എങ്കിലും ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിതകേരളം എന്നിവയ്ക്ക് സീനിയർ റിസോഴ്സ് പേഴ്സൺമാരെ കണ്ടെത്തി ജില്ലാ കോ-ഓർഡിനേറ്റർമാരായി നിയോഗിക്കു ന്നതാണ്. ജില്ലാ കളക്ടർ ആയിരിക്കും ചീഫ് കോ-ഓർഡിനേറ്റർ.

ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ പിന്തുണാ സഹായം നൽകുന്നതിനായി ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ കർമ്മ സേനകൾ പ്രവർത്തിക്കുന്നതാണ്.

## കൃഷി വികസനം - കർമ്മസേന- സംസ്ഥാനതലം

| | | |
|---|---|---|
| ചെയർപേഴ്സൺ | : | പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ് |
| പ്രത്യേക ക്ഷണിതാവ് | : | ഡോ.ടി.എൻ.സീമ, എക്സിക്യുട്ടീവ് വൈസ്ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ |
| അംഗങ്ങൾ | : | 1. സാങ്കേതിക ഉപദേഷ്ടാവ്, ഹരിതകേരളം മിഷൻ<br>2. ഡയറക്ടർ, കൃഷി വകുപ്പ് (കൺവീനർ)<br>3. ഡയറക്ടർ, മൃഗസംരക്ഷണം<br>4. ഡയറക്ടർ, ക്ഷീരവികസനം<br>5. ഡയറക്ടർ, ഫിഷറീസ്<br>6. ഡയറക്ടർ, സോയിൽ കൺസർവേഷൻ & സോയിൽ സർവ്വേ<br>7. എക്സിക്യുട്ടീവ് ഡയറക്ടർ, കുടുംബശ്രീ<br>8. മിഷൻ ഡയറക്ടർ, സ്റ്റേറ്റ് ഹോർട്ടി കൾച്ചർ മിഷൻ<br>9. മാനേജിംഗ് ഡയറക്ടർ, വി.എഫ്.പി.സി.കെ.<br>10. മാനേജിംഗ് ഡയറക്ടർ, കെ.എൽ.ഡി.സി.<br>11. മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.<br>12. ചീഫ് എഞ്ചിനീയർ, ജലസേചനം<br>13. സ്റ്റേറ്റ് നോഡൽ ഓഫീസർ, ആത്മ<br>14. കാർഷിക സർവ്വകലാശാലയുടെ പ്രതിനിധി<br>15. മുഖ്യ വനപാലകൻ (ഫാം ഫോറസ്ട്രി & സോഷ്യൽ ഫോറസ്ട്രി)<br>16. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയം ഭരണ വകുപ്പ്<br>17. മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്<br>18. എക്സിക്യുട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ |

19. മാനേജിംഗ് ഡയറക്ടർ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ
20. മാനേജിംഗ് ഡയറക്ടർ, കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ
21. ചീഫ്, കൃഷി വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്
22. കൺസൾട്ടന്റുമാർ/റിസോഴ്സ് പേഴ്സൺമാർ

ജോയിന്റ് കൺവീനർ : ഉപമിഷൻ കോ-ഓർഡിനേറ്റർ, സുജലം-സുഫലം

ഹരിതകേരളം മിഷനു കീഴിലുള്ള ഓരോ ഉപദൗത്യവുമായി ബന്ധപ്പെട്ട നയപരമായ കാര്യങ്ങൾ, ഫണ്ട് അലോട്ട്മെന്റ്, മന്ത്രി തല തീരുമാനം ആവശ്യമായ മറ്റു വിഷയങ്ങൾ എന്നിവയെ സംബന്ധിക്കുന്ന തീരുമാനങ്ങൾ എടുക്കുന്നതിനു ബന്ധപ്പെട്ട വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ്ചെയർപേഴ്സൺ, മിഷൻ സെക്രട്ടറി (അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്), വകുപ്പ് സെക്രട്ടറി, ഉപമിഷൻ കോ-ഓർഡിനേറ്റർ, കർമ്മസേനയുടെ കൺവീനർ, (വകുപ്പ് മേധാവി) സാങ്കേതിക ഉപദേഷ്ടാവ് (ഹരിതകേരളം മിഷൻ) എന്നിവരുടെ യോഗം മാസത്തിൽ ഒരു തവണയെങ്കിലും വിളിച്ചുചേർക്കേണ്ടതാണ്. യോഗം വിളിച്ചു ചേർക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി ആണ്.

## കൃഷി വികസനം (സുജലം സുഫലം)
## കർമ്മസേന - ജില്ലാതലം -ഉപസമിതി

സുജലം സുഫലം (കൃഷി ഉപദൗത്യത്തിന്) ജില്ലാതലത്തിൽ ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ വിഷയമേഖല അടിസ്ഥാനത്തിലുള്ള ഹരിതകേരളം ജില്ലാതല കർമ്മസേനയുടെ ഉപസമിതി രൂപീകരണം.

ചെയർപേഴ്സൺ : ജില്ലാ കളക്ടർ

അംഗങ്ങൾ :
1. പ്രിൻസിപ്പൽ കൃഷി ഓഫീസർ
2. ജില്ലാ പ്ലാനിംഗ് ഓഫീസർ
3. ജില്ലാ കോ-ഓർഡിനേറ്റർ, ശുചിത്വമിഷൻ
4. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ
5. ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, എം.ജി.എൻ.ആർ.ഇ.ജി.എസ്

6. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജലസേചനം
7. ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
8. പ്രോജക്ട് ഡയറക്ടർ, ആത്മ
9. കൃഷി വിജ്ഞാൻ കേന്ദ്രയുടെചുമതലയുള്ള ഉദ്യോഗസ്ഥൻ
10. ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ
11. ജില്ലാ സോയിൽ സർവ്വേ ഓഫീസർ
12. ജില്ലാ ഓഫീസർ ഭൂജലവകുപ്പ്
13. എൻവയോൺമെന്റൽ എഞ്ചിനീയർ, മലിനീകരണ നിയന്ത്രണ ബോർഡ്, ജില്ലാ ഓഫീസ്
14. എൻ.എസ്.എസ്. ജില്ലാ കോർഡിനേറ്റർ
15. ജില്ലാ നോഡൽ ഓഫീസർ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്
16. ഫാം ഫോറസ്ട്രിയുടെയും സോഷ്യൽ ഫോറസ്ട്രിയുടെയും ചുമതലയുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
17. ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർ, യുവജനക്ഷേമബോർഡ്
18. സ്പെഷ്യൽ ഓഫീസർ, കാർഷിക കർമ്മസേന & കാർഷിക സേവന കേന്ദ്രം
19. സന്നദ്ധ സംഘടനകളുടെ പ്രതിനിധികൾ (2) ജില്ലാ മിഷൻ ഗ്രൂപ്പ് നിശ്ചയിക്കേണ്ടതാണ്
20. റിസോഴ്സ് പേഴ്സൺമാർ (കൃഷി)

ജോയിന്റ് കൺവീനർ : ജില്ലാ കോ-ഓർഡിനേറ്റർമാർ

## തദ്ദേശഭരണ സ്ഥാപനത്തിലെ കാർഷിക ഉപദൗത്യ (സുജലം സുഫലം) റിസോഴ്സ് ഗ്രൂപ്പ്

തദ്ദേശഭരണ സ്ഥാപനതലത്തിൽ രൂപീകരിച്ചിട്ടുള്ള കാർഷിക മേഖലാ വർക്കിംഗ് ഗ്രൂപ്പ്, കുടിവെള്ള മേഖല വർക്കിംഗ് ഗ്രൂപ്പ്, ശുചിത്വമേഖല വർക്കിംഗ് ഗ്രൂപ്പ് എന്നിവ സംയുക്തമായി ഹരിതകേരളം മിഷന്റെ സംയോജിത കർമ്മസേനയായി പ്രവർത്തിക്കുന്നുണ്ട്. സുജലം സുഫലം ഉപമിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്ന

തിനുള്ള ചുമതല തദ്ദേശഭരണ സ്ഥാപനം രൂപീകരിച്ചതും കാർഷികമേഖലാ വർക്കിംഗ് ഗ്രൂപ്പ് ഉൾപ്പെടെയുള്ള വിദഗ്ദ്ധർ അംഗങ്ങളായുള്ള റിസോഴ്സ് ഗ്രൂപ്പിനായിരിക്കും. ആയതിന്റെ കൺവീനർ കൃഷി ഓഫീസർ/കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആയിരിക്കും. ജലസേചന വകുപ്പിൽ നിന്നും സ.ഉ. (എം.എസ്.) നമ്പർ 17/2016 ജലവിഭവം; തീയതി 05.12.2016 പ്രകാരം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ചുമതല നിശ്ചയിച്ച് നൽകിയിട്ടുള്ള ഉദ്യോഗസ്ഥനും ഈ റിസോഴ്സ് ഗ്രൂപ്പിൽ അംഗമായിരിക്കും.

## റിസോഴ്സ് ഗ്രൂപ്പിന്റെ ഘടന ചുവടെ ചേർക്കുന്നു

1. കാർഷിക മേഖല വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ.
2. മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം തുടങ്ങി വകുപ്പ് ഉദ്യോഗസ്ഥർ.
3. തൊഴിലുറപ്പ് പദ്ധതി ഉദ്യോഗസ്ഥർ.
4. വികസന വകുപ്പുകളിലെയും ധനകാര്യ സ്ഥാപനങ്ങളിലെയും വിരമിച്ച ഉദ്യോഗസ്ഥർ. (തദ്ദേശ ഭരണ പ്രദേശ അതിർത്തിക്കുള്ളിൽ താമസിക്കുന്നവർ).
5. ജനപ്രതിനിധികൾ.
6. പ്രതിബദ്ധതയുള്ള സാമൂഹിക പ്രവർത്തകർ.
7. സന്നദ്ധ പ്രവർത്തകർ.
8. കുടുംബശ്രീ പ്രതിനിധികൾ.

റിസോഴ്സ് ഗ്രൂപ്പിന്റെ കൺവീനർ കൃഷി ഓഫീസർ ആയിരിക്കും. റിസോഴ്സ് ഗ്രൂപ്പിന്റെ പരമാവധി അംഗസംഖ്യ 25 ൽ കൂടാൻ പാടുള്ളതല്ല.